പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

2025 ജൂലൈ 12 ശനി

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

'കീമിൽ സർക്കാരിന് തെറ്റൊന്നും പറ്റിയിട്ടില്ല'; മന്ത്രി ആർ. ബിന്ദു

തിരുവനന്തപുരം: കീമിൽ സർക്കാരിന് തെറ്റൊന്നും പറ്റിയിട്ടില്ലെന്ന് മന്ത്രി ആർ. ബിന്ദു. ഇപ്പോൾ നടക്കുന്നത് തെറ്റായ പ്രചാരണമാണ്. എല്ലാ കുട്ടികൾക്കും നീതിയും തുല്യതയും ഉറപ്പുവരുത്താൻ കഴിയുന്ന ഫോർമുലയാണ് സർക്കാർ അംഗീകരിച്ചത്. അടുത്തവർഷം എല്ലാ കുട്ടികൾക്കും നീതി ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ ഒരു കോടതിക്കും തള്ളാൻ കഴിയാത്ത തരത്തിൽ ഫോർമുല നടപ്പാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

അതേസമയം കീം റാങ്ക് ലിസ്റ്റ് അടിസ്ഥാനപ്പെടുത്തിയുള്ള എഞ്ചിനീയറിങ് കോളജ് ഓപ്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയവർക്ക് ഔദ്യോഗിക വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം. ഈ മാസം 16ന് രാവിലെ 11 വരെ അപേക്ഷ നൽകാം. ആദ്യ അലോട്ട്മെൻറ് പട്ടിക 18ന് പ്രസിദ്ധീകരിക്കും.

ഫാർമസി കോളജുകളിലേക്കുള്ള അപേക്ഷാ തിയതി പിന്നീട് അറിയിക്കും. സമയമെടുത്ത് സർക്കാർ തീരുമാനിച്ച മാർക്ക് ഏകീകരണം ഹൈക്കോടതിയുടെ രണ്ട് ബെഞ്ചുകളും തള്ളിയതോടെയാണ്, പഴയ രീതിയിലേക്ക് കടക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചത്. അതിൻറെ അടിസ്ഥാനത്തിലാണ് പുതിയ റാങ്ക് പട്ടിക പ്രകാരമുള്ള പ്രവേശന നടപടികളിലേക്ക് സർക്കാർ കടന്നത്.

സർക്കിൾ ഇൻസ്പെക്ടർ വീടിനുള്ളിൽ മരിച്ച നിലയിൽ; മേലുദ്യോഗസ്ഥർ മാനസികമായി പീഡിപ്പിച്ചിരുന്നെന്ന് കുടുംബം

തിരുവനന്തപുരം: പൊലീസ് സർക്കിൾ ഇൻസ്പെക്ടറെ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി. കാര്യവട്ടം ചേങ്കോട്ടുകോണം പുല്ലാന്നിവിള ബഥേൽ ഹൗസിൽ ജെയ്സൺ അലക്സിനെ (48)യാണ് വീടിനുള്ളിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടത്. ടെലികമ്യൂണിക്കേഷൻ വിഭാഗത്തിൽ ഇൻസ്പെക്ടറായിരുന്നു ജെയ്സൺ.സന്ദർശനത്തോടനുബന്ധിച്ചുള്ള സുരക്ഷാ ഒരുക്കങ്ങളുടെ ഭാഗമായി വെള്ളിയാഴ്ച പുലർച്ചെ അഞ്ചുമണിയോടെ ഓഫീസിലേക്കു പോയിരുന്നതായി ബന്ധുക്കൾ പറഞ്ഞു. എന്നാൽ പത്തുമണിയോടെ വീട്ടിൽ തിരിച്ചെത്തി. ഈ സമയം ഭാര്യ ജോലിക്കും മക്കൾ സ്കൂളിലും പോയിരുന്നു.

പിന്നീട് വിളിച്ചിട്ട് കിട്ടാതിരുന്നതിനെത്തുടർന്ന് സഹപ്രവർത്തകർ അന്വേഷിച്ചെത്തിയപ്പോഴാണ്, വീടിന്റെ ഹാളിൽ ജെയ്സണെ തൂങ്ങിയ നിലയിൽ കണ്ടത്. കുണ്ടറ സ്വദേശിയായ ജയ്സൺ, രണ്ടു വർഷം മുൻപാണ് പുല്ലാന്നിവിളയിൽ വീടുവെച്ച് താമസം തുടങ്ങിയത്. മേലുദ്യോഗസ്ഥരുടെ മാനസികപീഡനമാണ് ജെയ്സൺ ജീവനൊടുക്കാൻ കാരണമെന്ന് കുടുംബം ആരോപിച്ചു.

ടെലികമ്യൂണിക്കേഷൻസിൽ ചില ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ടുള്ള ഇടപാടുകളിൽ ക്രമക്കേടിനു കൂട്ടുനിൽക്കാൻ ജെയ്സണ് മേൽ സമ്മർദമുണ്ടായിരുന്നു എന്നാണ് കുടുംബത്തിന്റെ പ്രധാന ആരോപണം. പലവട്ടം ഇതിന്റെ പേരിൽ ഭീഷണിയുണ്ടായിയെങ്കിലും, ജെയ്സൺ വഴങ്ങിയിരുന്നില്ല. സാമ്പത്തികമായ ഒരു പ്രശ്നവും ജയ്സണില്ല. മേലധികാരികളാണ് മരണത്തിന് ഉത്തരവാദികളെന്നും ഇവർക്കെതിരേ അന്വേഷണം നടത്തി നടപടിയെടുക്കണമെന്നും അമ്മ ജെമ്മ അലക്സ് ആവശ്യപ്പെട്ടു.

'എഞ്ചിനിലേക്ക് ഇന്ധനം നൽകുന്ന സ്വിച്ചുകൾ ഓഫ് ചെയ്ത നിലയിൽ'

അഹമ്മദാബാദ് വിമാന ദുരന്തത്തിൽ പ്രാഥമിക അന്വേഷണ റിപ്പോർട്ട്

ന്യൂഡൽഹി: അഹമ്മദാബാദ് വിമാന ദുരന്തത്തിന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് പുറത്ത്. അപകടത്തിൽപെട്ട എയർ ഇന്ത്യ ഡ്രീംലൈനർ വിമാനത്തിന്റെ വൈദ്യുതി സംവിധാനം നിലച്ചത് അപകടകാരണമെന്ന് എയർ ഇന്ത്യയുടെ എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയുടെ റിപ്പോർട്ട്. ടേക്ക് ഓഫ് ചെയ്ത് സെക്കൻഡുകൾക്കകം വിമാനത്തിന്റെ രണ്ട് എൻജിനുകളുടെയും പ്രവർത്തനം നിലച്ചതാണ് അകടത്തിന് കാരണമായത്.

ബോയിംഗ് 787-8 വിമാനത്തിന്റെ എഞ്ചിൻ ഇന്ധന നിയന്ത്രണ സ്വിച്ചുകൾ ഓഫ് ചെയ്ത നിലയിലായിരുന്നു. കോക്ക്പിറ്റ് വോയ്സ് റെക്കോർഡറിൽ പൈലറ്റുമാരിൽ ഒരാൾ മറ്റേയാളോട് ആരാണ് ഈ സ്വിച്ചുകൾ ഓഫ് ചെയ്തതെന്ന് ചോദിക്കുന്നുണ്ട്. താനല്ല ഓഫ് ചെയ്തതെന്ന് മറുപടി നൽകുന്നതിന്റെയും ശബ്ദരേഖ അന്വേഷണ സംഘത്തിന് ലഭിച്ചു.

സ്വിച്ചുകൾ ഓഫായിരുന്നത് ശ്രദ്ധയിൽപ്പെട്ട് പെട്ടെന്ന് ഓൺ ചെയ്തെങ്കിലും എൻജിനുകൾ അപ്പോഴേക്കും ഓഫ് ആകുകയും തിരികെ പ്രവർത്തിച്ചു തുടങ്ങുന്നതിന് മുമ്പുതന്നെ വിമാനം തകർന്നു വീഴുകയുമായിരുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു. കൃത്യമായ വിവരങ്ങൾ അറിയാൻ വിശദമായ അന്വേഷണം വേണമെന്നാണ് എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നത്. അഹമ്മദാബാദ് വിമാന ദുരന്തം നടന്ന് ഒരുമാസമാകുന്ന ദിവസമാണ് ഇതുസംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് പുറത്തുവിട്ടത്.

സഹപൈലറ്റ് ക്ലൈവ് കുന്ദറാണ് വിമാനം പറത്തിയത്. പൈലറ്റ്-ഇൻ-കമാൻഡായ സുമീത് സബർവാൾ നിരീക്ഷിക്കുകയായിരുന്നു. സബർവാൾ ബോയിംഗ് 787 വിമാനം 8600 മണിക്കൂർ പറത്തിയ പൈലറ്റാണ്. കുന്ദർ 1,100 മണിക്കൂർ വിമാനം പറത്തിയ പരിചയമുള്ളയാളുമായിരുന്നു. സർവീസ് തുടങ്ങും മുൻപ് ഇരുവർക്കും മതിയായ വിശ്രമം ലഭിച്ചിരുന്നു. 260 പേരുടെ മരണത്തിനിടയാക്കിയ ദുരന്തത്തിൽ വിശദമായ അന്വേഷണം ആവശ്യമെന്ന് റിപ്പോർട്ട് പറയുന്നു. കഴിഞ്ഞദിവസമാണ് വ്യോമയാന മന്ത്രാലയത്തിന് അന്വേഷണ സംഘം റിപ്പോർട്ട് സമർപ്പിച്ചത്.

ഒരേസമയം രണ്ട് എൻജിനുകളും പ്രവർത്തന രഹിതമായതാണ് വലിയ ദുരന്തത്തിലേക്ക് നയിച്ചതെന്നാണ് പ്രാഥമിക അന്വേഷണത്തിലെ കണ്ടെത്തൽ. വിമാനത്തിൽ പക്ഷി ഇടിച്ചിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. അപകട സമയത്ത് വിമാനത്തിൽ 230 യാത്രക്കാർ ഉണ്ടായിരുന്നു. ഇവരിൽ 15 പേർ ബിസിനസ് ക്ലാസിലും 215 പേർ ഇക്കോണമി ക്ലാസിലുമായിരുന്നു. ഒരാൾ ഒഴികെ മറ്റെല്ലാവരും അപകടത്തിൽ മരിച്ചു. അഹമ്മദാബാദിൽ നിന്ന് ലണ്ടനിലെ ഗാറ്റ്വിക്ക് വിമാനത്താവളത്തിലേക്ക് പോയ വിമാനമാണ് അപകടത്തിൽപെട്ടത്.

പുതുക്കിയ കീം റാങ്ക് ലിസ്റ്റിനെതിരെ കേരള സിലബസ് വിദ്യാർഥികൾ സുപ്രിം കോടതിയിലേക്ക്

തിരുവനന്തപുരം: സംസ്ഥാന എൻജിനീയറിങ് ഫാർമസി പ്രവേശനത്തിൽ വീണ്ടും ആശങ്ക. പുതുക്കിയ കീം റാങ്ക് ലിസ്റ്റിനെതിരെ കേരള സിലബസ് വിദ്യാർഥികൾ സുപ്രിം കോടതിയെ സമീപിക്കും. ആദ്യം ലഭിച്ച റാങ്കിൽ വലിയ ഇടിവ് സംഭവിച്ചതിനെ തുടർന്നാണ് നീക്കം. കോടതിയെ സമീപിക്കുമ്പോൾ സംസ്ഥാന സർക്കാർ പിന്തുണയ്ക്കണമെന്നും വിദ്യാർത്ഥികൾ ആവശ്യപ്പെടുന്നു. സർക്കാരിന് വീഴ്ച സംഭവിച്ചിട്ടില്ലെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു ആവർത്തിച്ചു.

കോടതിയിൽ തിരിച്ചടി നേരിട്ടതോടെ ജൂലൈ 10നാണ് പുതുക്കിയ കീം എൻട്രൻസ് പരീക്ഷ റാങ്ക് ലിസ്റ്റ് സർക്കാർ പ്രസിദ്ധീകരിച്ചത്. പക്ഷേ ഈ ലിസ്റ്റ് കേരള സിലബസ് വിദ്യാർഥികൾക്ക് തിരിച്ചടിയായി. പതിനായിര കണക്കിന് വിദ്യാർഥികളുടെ റാങ്ക് കുത്തനെ ഇടിഞ്ഞു. ഈ സംഭവത്തിലാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൻറെ ഉത്തരവിനെതിരെ വിദ്യാർഥികൾ സുപ്രിം കോടതിയെ സമീപിക്കാൻ ഒരുങ്ങുന്നത്.

ഈ മാസം ഒന്നിനാണ് സംസ്ഥാന സർക്കാർ ആദ്യ റാങ്ക് പട്ടിക പുറത്തുവിട്ടത്. ഈ ലിസ്റ്റിൽ ഒന്നാം റാങ്ക് ലഭിച്ചത് കേരള സിലബസ് വിദ്യാർഥിയായ എറണാകുളം സ്വദേശി ജോൺ ഷിനോജിനായിരുന്നു. പക്ഷേ പുതുക്കിയ റാങ്ക് ലിസ്റ്റിൽ ജോൺ ഏഴാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. പഴയ റാങ്ക് ലിസ്റ്റിൽ അഞ്ചാം സ്ഥാനത്ത് ഉണ്ടായിരുന്ന സിബി എസ്ഇ വിദ്യാർത്ഥി ജോഷാ ജേക്കബ് ഒന്നാം സ്ഥാനത്തേക്കും എത്തി. ഇത്തരത്തിൽ വ്യാപകമായ രീതിയിലാണ് റാങ്ക് വ്യതിയാനം ഉണ്ടായത്. പക്ഷേ കീമുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് തെറ്റു പറ്റിയിട്ടില്ല എന്ന നിലപാടിൽ ഉറച്ചു നിൽക്കുകയാണ് മന്ത്രി ബിന്ദു.

പുതുക്കിയ ലിസ്റ്റിലെ ആദ്യ 100 ൽ 21 സംസ്ഥാന സിലബസ് വിദ്യാർഥികൾ മാത്രമാണ് ഇടം പിടിച്ചത്. പഴയ റാങ്ക് ലിസ്റ്റിൽ 43 പേരുണ്ടായിരുന്ന സ്ഥാനത്താണ് ഈ സ്ഥിതി. ഹരജിയുമായി വിദ്യാർഥികൾ മുന്നോട്ടു പോയാൽ സർക്കാർ എന്ത് നിലപാട് സ്വീകരിക്കും എന്നുള്ളത് നിർണായകമാണ്.

കേരളത്തിൽ 2026 ൽ ബിജെപി സർക്കാർ അധികാരത്തിലെത്തുമെന്ന് അമിത് ഷാ

തിരുവനന്തപുരം: കേരളത്തിൽ മതതീവ്രവാദ രാഷ്ട്രീയത്തിന് തടയിട്ടത് കേന്ദ്ര സർക്കാരാണെന്ന് അമിത് ഷാ. പോപ്പുലർ ഫ്രണ്ടിനെ നിരോധിച്ച നടപടി ചൂണ്ടിക്കാട്ടിയായിരുന്നു അമിത് ഷായുടെ പ്രസംഗം. പുത്തരിക്കണ്ടം മൈതാനിയിൽ പാർട്ടി പ്രവർത്തകരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സിപിഎം അണികളുടെയും ബിജെപി നാടിന്റെ വികസനവും ലക്ഷ്യമിടുന്നെന്ന് പറഞ്ഞ അദ്ദേഹം വികസിത കേരളത്തിനായി ബിജെപിയെ ജയിപ്പിക്കേണ്ട സമയമായെന്നും പറഞ്ഞു. 2026 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപിയുടെ നേതൃത്വത്തിലുള്ള സർക്കാർ കേരളത്തിൽ അധികാരത്തിലെത്തുമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന ഭരിച്ച എൽഡിഎഫും യുഡിഎഫും അഴിമതിയുടെ കാര്യത്തിൽ വ്യത്യസ്തരല്ലെന്ന് പറഞ്ഞ അമിത് ഷാ, മോദി സർക്കാരിനെതിരെ ഒരു അഴിമതി ആരോപണം പോലുമില്ലെന്ന് പറഞ്ഞു. സ്വർണക്കടത്ത് ആരോപണം ആവർത്തിച്ച അദ്ദേഹം പിണറായി വിജയൻ സ്റ്റേറ്റ് സ്പോൺസേർഡ് അഴിമതി നടത്തിയെന്ന് ആരോപിച്ചു. 2026ൽ കേരളത്തിൽ ബിജെപി സർക്കാർ ഉണ്ടാക്കും. സർക്കാരുണ്ടാക്കാനാണ് ബിജെപി 2026 ൽ മത്സരിക്കുന്നത്. തദ്ദേശ തെരഞ്ഞെടുപ്പിൽ 25 ശതമാനത്തിന് മുകളിൽ വോട്ട് സംസ്ഥാനത്ത് ബിജെപി നേടും. ബിജെപി ഇല്ലാതെ വികസിത കേരളം ഉണ്ടാകില്ല.

അടുത്ത വർഷത്തോടെ രാജ്യം മാവോയിസ്റ്റ് മുക്തമാകുമെന്നും അദ്ദേഹം പറഞ്ഞു. നരേന്ദ്ര മോദി സർക്കാരിന്റെ അഭിമാന പദ്ധതികൾ ഉയർത്തിക്കാട്ടി വികസനത്തെ കുറിച്ച് സംസാരിച്ച അദ്ദേഹം 3700 കോടിയുടെ റെയിൽ വികസനം കേരളത്തിൽ നടക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി.

കണ്ണൂരിലെ സ്കൂളിലും കാൽകഴുകൽ; വിദ്യാർഥികളെക്കൊണ്ട് പാദപൂജ ചെയ്യിച്ചു

കണ്ണൂർ: കാസർകോടിന് പിന്നാലെ കണ്ണൂരിലും സംഘപരിവാർ നിയന്ത്രണത്തിലുള്ള സ്കൂളിൽ പാദ പൂജ വിവാദം. കണ്ണൂർ ശ്രീകണ്ഠാപുരം വിവേകാനന്ദ വിദ്യാപീഠത്തിലാണ് വിദ്യാർഥികളെ കൊണ്ട് പൂർവധ്യാപകൻറെ പാദ പൂജ ചെയ്യിപ്പിച്ചത്. കാസർകോട് ബന്തടുക്ക സ്കൂളിലെ പാദപൂജ വിവാദത്തിൽ അടിയന്തര റിപ്പോർട്ട് നേടിയതായി വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു.

ഗുരുപൂർണിമ ദിനത്തിൻറെ ഭാഗമായി ആയിരുന്നു കണ്ണൂർ ശ്രീകണ്ഠപുരം വിവേകാനന്ദ വിദ്യാപീഠം സ്കൂളിലെ പാദപൂജ. ഈ സ്കൂളിലെ അധ്യാപകരാണ് ശ്രീകണ്ഠപുരത്തെ ഒരു പ്രമുഖ സ്കൂളിൽ നിന്നും വിരമിച്ച അധ്യാപകൻറെ കാൽ കഴുകിയത്.

തുടർന്ന് വിദ്യാർഥികളെ കൊണ്ട് പാദപൂജ ചെയ്യിപ്പിച്ചു ഇതിൻറെ ദൃശ്യങ്ങൾ പുറത്തുവന്നതോടെ എസ്എഫ്ഐ അടക്കമുള്ള വിദ്യാർഥി സംഘടനകൾ കടുത്ത പ്രതിഷേധവുമായി രംഗത്തെത്തിയിട്ടുണ്ട്.

കാസർകോട് ബന്തടുക്കയിലും ഗുരുപൂർണിമ ദിനത്തിൻറെ ഭാഗമായി വിദ്യാർത്ഥികളെ കൊണ്ട് അധ്യാപകരുടെ പാദപൂജ ചെയ്യിച്ച സംഭവം വിവാദമായിരുന്നു. ബന്തടുക്ക കക്കച്ചാൽ സരസ്വതി വിദ്യാലയത്തിലായിരുന്നു പാദ പൂജ. സംഭവത്തിൽ അടിയന്തര റിപ്പോർട്ട് തേടിയതായും ശേഷം തുടർനടപടികൾ സ്വീകരിക്കുമെന്നും വിദ്യാഭ്യാസ മന്ത്രി പറഞ്ഞു.

ഗുരുപൂർണിമ ദിനത്തിൻറെ ഭാഗമായി വിരമിച്ച അധ്യാപകരെ വിദ്യാലയ സമിതിയുടെ നേതൃത്വത്തിൽ ആദരിച്ചിരുന്നുവെന്നും ഇതിൻറെ ഭാഗമായിട്ടായിരുന്നു പാദപൂജ എന്നുമാണ് സ്കൂൾ അധികൃതരുടെ വിശദീകരണം.

ഭാരതീയ വിദ്യാ നികേതൻ നടത്തുന്ന ചില സ്കൂളുകളിൽ വിദ്യാർഥികളെക്കൊണ്ട് അധ്യാപകരുടെ കാൽ കഴുകിച്ചെന്ന വാർത്ത അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നതെന്ന് മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു. ജനാധിപത്യ മൂല്യങ്ങൾക്ക് നിരക്കാത്തതും പ്രതിഷേധാർഹവുമാണ്.

വിദ്യാഭ്യാസം എന്നത് കുട്ടികളിൽ ശാസ്ത്രബോധവും പുരോഗമന ചിന്തയും വളർത്താനുള്ളതാണ്. ഇത്തരം പ്രവൃത്തികൾ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൻറെ അടിസ്ഥാന ലക്ഷ്യങ്ങളെ തന്നെ ഇല്ലാതാക്കുന്നതാണെന്നും മന്ത്രി പറഞ്ഞു.

'സ്കൂൾ സമയമാറ്റത്തിൽ സമസ്തയുമായി ചർച്ചയ്ക്ക് തയ്യാർ'; മന്ത്രി വി. ശിവൻകുട്ടി

തിരുവനന്തപുരം: സ്കൂൾ സമയമാറ്റത്തിൽ സമസ്തയുമായി ചർച്ചയ്ക്ക് തയ്യാറാണെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻ കുട്ടി. സമസ്ത സമയം അറിയിച്ചാൽ മതി. കോടതിയുടെ നിലപാടാണ് പറഞ്ഞതെന്നും ധിക്കാരമായി ഒന്നും പറഞ്ഞിട്ടില്ലെന്നും ശിവൻ കുട്ടി പറഞ്ഞു.

കാസർകോട് ബന്തടുക്കയിൽ വിദ്യാർഥികളെ കൊണ്ട് അധ്യാപകരുടെ പാദപൂജ ചെയ്യിച്ചതിൽ റിപ്പോർട്ട് തേടുമെന്ന് മന്ത്രി പറഞ്ഞു. റിപ്പോർട്ട് ലഭിച്ചതിന് ശേഷം തുടർനടപടികൾ സ്വകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചർച്ചക്ക് തയാറാണെന്ന വിദ്യാഭ്യാസ മന്ത്രിയുടെ നിലപാടിനെ സ്വാഗതം ചെയ്യുന്നുവെന്ന് സമസ്ത അറിയിച്ചു. ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കപ്പെടണം. ചർച്ച വിജയിച്ചാൽ പ്രക്ഷോഭം മാറ്റും. ചർച്ചക്ക് മുൻകൈ എടുക്കാൻ വൈകി. മുസ്ലിം സമൂഹം ഉന്നയിച്ച ആവശ്യം പരിഗണിക്കണമായിരുന്നു. ചർച്ച സമയം വിദ്യാഭ്യാസ മന്ത്രി അറിയിക്കട്ടെയെന്നും സമസ്ത വ്യക്തമാക്കി.

സ്കൂൾ സമയമാറ്റത്തിൽ ചർച്ചയില്ലെന്ന വിദ്യാഭ്യാസ മന്ത്രിയുടെ നിലപാട് ധിക്കാരപരമെന്നായിരുന്നു സമസ്ത ജനറൽ മാനേജർ കെ.മോയിൻകുട്ടി മാസ്റ്റർ പറഞ്ഞത്. വിദ്യാഭ്യാസ മന്ത്രിയുടെ നിലപാട് തന്നെയാണോ സർക്കാർ നിലപാടെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം. തുടർപ്രക്ഷോഭം ആലോചിക്കാൻ സമസ്ത മതവിദ്യാഭ്യാസ ബോർഡ് ഇന്ന് ചേരും. മറ്റു മദ്രസാ പ്രസ്ഥാനങ്ങളുമായി സംയുക്ത സമരത്തിന് സമസ്ത തയാറാകുമെന്നും മോയിൻകുട്ടി മാസ്റ്റർ പറഞ്ഞു.

സ്കൂൾ സമയത്തിൽ ഏതെങ്കിലും ഒരു വിഭാഗത്തിന് മാത്രം സൗകര്യം ചെയ്തു കൊടുക്കാൻ കഴിയില്ലെന്ന് വിദ്യാഭ്യാസ മന്ത്രി നേരത്തെ വ്യക്തമാക്കിയിരുന്നു. പ്രത്യേക സമൂഹത്തിൻറെ പേര് പറഞ്ഞ് സർക്കാരിനെ വിരട്ടുന്നത് ശരിയല്ല.സമയം മാറ്റണമെന്ന് ആവശ്യപ്പെടുന്നവർ അവരുടെ ആവശ്യങ്ങൾക്ക് സമയം ക്രമീകരിക്കണം. അധ്യാപക സംഘടനകൾ ഉൾപ്പെടെ സമയമാറ്റം അംഗീകരിച്ചതാണ്. അതിലൊരു മാറ്റം വരുത്തുന്നതിനെക്കുറിച്ച് ചിന്തിക്കുന്നില്ലെന്നും വിദ്യാഭ്യാസമന്ത്രി വ്യക്തമാക്കിയിരുന്നു. അതേസമയം, സ്കൂൾ സമയമാറ്റമെന്ന ആവശ്യം സുന്നി സംഘടനകൾ കടുപ്പിക്കുകയാണ്. സർക്കാരിനെതിരെ സമസ്ത പ്രത്യക്ഷ സമരം പ്രഖ്യാപിച്ചതിന് പിന്നലെ കാന്തപുരവും രംഗത്തെത്തി.

എലത്തൂർ മണ്ഡലത്തിലെ രണ്ട് തീരദേശ റോഡ് നവീകരണത്തിന് 1.34 കോടിയുടെ ഭരണാനുമതി

കോഴിക്കോട്: എലത്തൂർ നിയോജക മണ്ഡലത്തിലെ രണ്ട് തീരദേശ റോഡുകളുടെ നവീകരണത്തിനായി 1.34 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി വനം-വന്യജീവി വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ അറിയിച്ചു. കോഴിക്കോട് കോർപറേഷൻ രണ്ടാം ഡിവിഷനിലെ പുതിയോട്ടിൽകടവ് റെയിൽവേ അണ്ടർപാസ് റോഡിന്റെ നവീകരണത്തിന് 83.50 ലക്ഷം രൂപയും തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ കാടുക്കൽ - പാവയിൽ റോഡിന്റെ നവീകരണത്തിന് 50.90 ലക്ഷം രൂപയുമാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ച് ഭരണാനുമതിയായത്.

എലത്തൂർ അണ്ടർപാസ് മുതൽ പുതിയോട്ടിൽ കടവ് വരെ ബന്ധിപ്പിക്കുന്ന രീതിയിൽ പുതുതായി നിർമ്മിച്ചതാണ് പുതിയോട്ടിൽകടവ് റെയിൽവേ അണ്ടർപാസ് റോഡ്. പാവയിൽ റസിഡന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ പുതുതായി നിർമ്മിച്ചതാണ് കാടുക്കൽതാഴം - പാവയിൽ റോഡ്. ഈ റോഡുകളുടെ നവീകരണം പൂർത്തിയാകുന്നതോടെ പ്രദേശവാസികളുടെ യാത്രാസൗകര്യം കൂടുതൽ മെച്ചപ്പെടും. ടെൻഡർ നടപടികൾ വേഗത്തിലാക്കി നിർമ്മാണ പ്രവർത്തികൾ എത്രയും പെട്ടന്ന് ആരംഭിക്കുവാൻ മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

എംടി വാരം ജൂലൈ 15മുതൽ 19വരെ

ദയാപുരം: എംടി വാസുദേവൻ നായരുടെ ജന്മദിനമായ ജൂലൈ 15മുതൽ 19വരെ ദയാപുരം വിദ്യാഭ്യാസ സാംസ്കാരിക കേന്ദ്രത്തിൽ എംടിവാരം നടക്കും. പ്രഭാഷണങ്ങൾ, ചർച്ചകൾ, പ്രദർശനം, വായന, ഓർമ്മ പങ്കിടൽ, സംഗീത അപരാഹ്നം എന്നിവയടങ്ങുന്ന പരിപാടി പ്രമുഖ ഇംഗ്ലീഷ് എഴുത്തുകാരനും ചരിത്രകാരനും കോളമിസ്റ്റും ഡൽഹി ജാമിഅ: മില്ലിയ ഇസ്ലാമിയയിലെ മുൻ പ്രൊഫസറും ആയ മുകുൾ കേശവൻ ഉദ്ഘാടനം ചെയ്യും.

പരിപാടിയിൽ ഡോ. എം എം ബഷീറും ദയാപുരം പേട്രൺ സി ടി അബ്ദുറഹീമും ചെയർമാൻ കെ മുഞ്ഞലവിയും പങ്കെടുക്കും.

ലിറ്ററേച്ചർ, സിനിമ ആൻഡ് സെക്കുലർ കോമ്മൺസെൻസ് എന്ന വിഷയത്തിൽ എം ടി സ്മാരക പ്രഭാഷണം അദ്ദേഹം നടത്തും.

എം ടി സിനിമകളെക്കുറിച്ച് ഷാഹിന റഫീഖ്, സിദ്ധാർത്ഥ ശിവ, ജിയോ ബേബി, മനീഷ് നാരായണൻ എന്നിവർ സംസാരിക്കും. എം ടിയുടെ രാഷ്ട്രീയ-സാമൂഹ്യജീവിതത്തെപ്പറ്റിയുള്ള സെഷനിൽ എം ടി എന്ന പത്രാധിപരെയും സ്ഥാപനമേധാവിയെയും പറ്റി ശ്രീകുമാറും പരിസ്ഥിതി അവബോധത്തെപ്പറ്റി ഡോ. പി. രോഹിതും രാഷ്ട്രീയ നിലപാടുകളെക്കുറിച്ച് ഷഫീഖ് താമരശ്ശേരിയും സംസാരിക്കും. "എം ടി യും കേരളീയതയും" എന്ന വിഷയത്തെപ്പറ്റി സുനിൽ പി ഇളയിടം പ്രഭാഷണം നടത്തും. തുടർന്നുള്ള ദിവസങ്ങളിൽ ദയാപുരം സ്ഥാപനങ്ങളിൽ എം ടി പുസ്തകങ്ങളുടെ വായനയും വിദ്യാർത്ഥികൾക്കുള്ള മത്സരങ്ങളും പ്രദർശനവും നടക്കും.

സമാപനദിവസമായ ജൂലൈ 19 നു 'എം ടിയും ദയാപുരത്തുകാരും' എന്ന ഓർമ്മ പങ്കിടൽ പരിപാടിയിൽ എം ടി വാസുദേവൻ നായരുടെ മകൾ അശ്വതിയും ദയാപുരം സ്ഥാപക ഉപദേശകരിൽ ഒരാളായ വൈക്കം മുഹമ്മദ് ബഷീറിന്റെ മകൻ അനീസ് ബഷീറും ദയാപുരം ഗീതത്തിന്റെ രചയിതാവ് ഒ എൻ വി കുറുപ്പിന്റെ മകൻ രാജീവും പങ്കെടുക്കും. 'എം.ടി നാടകരൂപങ്ങളിൽ എന്ന സെഷനിൽ ബിന്ദു ആമാട്ട്, സാംകുട്ടി പട്ടംകരി, ശ്രീജിത്ത് രമണൻ എന്നിവർ സംബന്ധിക്കും. എം ടിയുടെ സാഹിത്യലോകങ്ങളെപ്പറ്റിയുള്ള ചർച്ചയിൽ ശാന്തി വിജയൻ, അശോകൻ നമ്പ്യാർ, ഷഫീഖ് വളാഞ്ചേരി എന്നിവർ പങ്കെടുക്കും. എം ടി യുടെ സിനിമകളിൽ ഒ എൻ വി കുറുപ്പ് എഴുതിയ പാട്ടുകൾ ചേർന്ന സംഗീതപരിപാടി ഒ എൻ വിയുടെ മകൻ രാജീവനും കൊച്ചുമകൾ അപർണ്ണയും ചേർന്ന് അവതരിപ്പിക്കും.

'ദയാപുരത്തോടുള്ള എം ടി വാസുദേവൻ നായരോടുള്ള ആദരവാണ് എം ടി വാരമെന്ന് പരിപാടിയുടെ സങ്കൽപകനും ദയാപുരം സാംസ്കാരിക വിഭാഗം വോളന്റീർ ഇൻ ചാർജുമായ എൻ പി ആഷ്ലി പറഞ്ഞു.

ജെൻഡർ അവബോധ ക്ലാസ്സ് സംഘടിപ്പിച്ചു

കൊയിലാണ്ടി നഗരസഭയിലെ വാർഡുകളിലെ ജാഗ്രതസമിതി അംഗങ്ങൾക്ക് ജെൻഡർ അവബോധ ക്ലാസ്സ് സംഘടിപ്പിച്ചു. കൊയിലാണ്ടി നഗരസഭ കുടുംബശ്രീ സിഡിഎസിന് കീഴിലുള്ള ജിആർസിയുടെ ഭാഗമായി ജില്ലാ മിഷന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ക്ലാസ്സ് നഗരസഭ ചെയർപേഴ്സൺ സുധ കിഴക്കേപ്പാട്ട് ഉദ്ഘാടനം ചെയ്തു. നഗരസഭ വൈസ് ചെയർമാൻ അഡ്വ. കെ സത്യൻ അധ്യക്ഷത വഹിച്ചു.

ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മറ്റി അധ്യക്ഷൻ കെ ഷിജു കർമ്മ പദ്ധതി അവതരിപ്പിച്ചു. അഡ്വ. പി പ്രശാന്ത്, ജില്ലാ മിഷൻ ജെൻഡർ റിസോഴ്സ്പേഴ്സൺ കെ ബി സ്മിത എന്നിവർ വിഷയാവതരണം നടത്തി. സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ നിജില പറവക്കൊടി, കെ എ ഇന്ദിര ടീച്ചർ, സി പ്രജില, കൗൺസിലർ വത്സരാജ് കേളോത്, ഐസിഡിഎസ് സൂപ്പർവൈസർ ടി കെ റുഫീല, നോർത്ത് സിഡിഎസ് ചെയർപേഴ്സൺ എം പി ഇന്ദുലേഖ, സൗത്ത് സിഡിഎസ് ചെയർപേഴ്സൺ കെ കെ വിബിന, ആർ അനുഷ്മ (സിഡബ്ല്യൂഎഫ്), കമ്മ്യൂണിറ്റി കൗൺസിലർ എസ് എസ് അമിത തുടങ്ങിയവർ സംസാരിച്ചു.

വയനാട്ടിൽ ഡിസിസി പ്രസിഡന്റിന് മർദ്ദനം

കൽപ്പറ്റ: വയനാട് ഡി സി സി പ്രസിഡൻറ് എൻ ഡി അപ്പച്ചനെ പാർട്ടി പ്രവർത്തകർ മർദ്ദിച്ചു. മുള്ളൻകൊല്ലിയിലെ പാർട്ടി പരിപാടിയിൽ വച്ചാണ് സംഭവം. പാർട്ടിയിലെ തന്നെ ഗ്രൂപ്പ് പോരിന്റെ ഭാഗമായാണ് സംസ്ഥാനത്തെ കോൺഗ്രസിന്റെ ഡിസിസി പ്രസിഡന്റുമാരിൽ മുതിർന്ന നേതാക്കളിൽ ഒരാളായ അപ്പച്ചനെ മർദ്ദിച്ചത്.

പഞ്ചായത്ത് തെരഞ്ഞെടുപ്പ് മുന്നൊരുക്കത്തിന്റെ ഭാഗമായ യോഗത്തിനിടയാണ് ഒരു വിഭാഗം നേതാക്കളും പ്രവർത്തകരും അദ്ദേഹത്തെ കൈയ്യേറ്റം ചെയ്തത്. മുള്ളൻകൊല്ലിയിലെ മണ്ഡലം പ്രസിഡണ്ടിനെ ചൊല്ലിയുള്ള തർക്കമാണ് കയ്യാങ്കളിയിൽ കലാശിച്ചതെന്നാണ് വിവരം. ഐസി ബാലകൃഷ്ണൻ എം എൽഎയുടെയും കെഎൽ പൗലോസിന്റെയും ഗ്രൂപ്പിൽ പെട്ടവരാണ് കയ്യേറ്റം ചെയ്തതെന്നാണ് ആരോപണം. മർദ്ദനത്തിന് മുൻപുണ്ടായ തർക്കത്തിന്റെ വീഡിയോ ദൃശ്യങ്ങൾ പുറത്തുവന്നു.

രണ്ടാം വർഷ ഡിപ്ലോമ: സ്പോട്ട് അഡ്മിഷൻ

കോഴിക്കോട്: ഐഎച്ച്ആർഡിയുടെ കീഴിലെ വടകര മോഡൽ പോളിടെക്നിക് കോളേജിൽ രണ്ടാം വർഷ ഡിപ്ലോമ (ലാറ്ററൽ എൻട്രി) കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 14, 15 തീയ്യതികളിൽ സ്പോട്ട് അഡ്മിഷൻ നടത്തും. ബയോ -മെഡിക്കൽ എഞ്ചിനീയറിംഗ്, കംപ്യൂട്ടർ ഹാർഡ്വെയർ എഞ്ചിനീയറിംഗ്, കംപ്യൂട്ടർ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിലാണ് സ്പോട്ട് അഡ്മിഷൻ നടത്തുന്നത്. നിലവിൽ ലാറ്ററൽ എൻട്രി അപേക്ഷ സമർപ്പിച്ചവർക്കും പുതുതായി അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. താല്പര്യമുള്ളവർ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും പ്രോസ്പെക്റ്റസിൽ നിർദ്ദേശിച്ചിരിക്കുന്ന ഫീസും സഹിതം കോളേജിൽ എത്തണം. ഫോൺ: 0496 2524920, 9497840006.

ലാറ്ററൽ എൻട്രി; സ്പോട്ട് അഡ്മിഷൻ

കോഴിക്കോട് ഗവ. വുമൺസ് പോളിടെക്നിക് കോളേജിലെ 2025-26 വർഷത്തെ ലാറ്ററൽ എൻട്രി രണ്ടാം വർഷത്തിലേക്കുള്ള രണ്ടാം സ്പോട്ട് അഡ്മിഷന്റെ കൗൺസിലിംഗ് ജൂലൈ 14ന് രാവിലെ ഒൻപത് മണി മുതൽ കോളേജിൽ നടത്തും. ംംം.ുീഹ്യമറാശശൈീ.ീൃഴ/ഘലഷ്ാ എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കോഴിക്കോട് ജില്ലാ റാങ്ക് ലിസ്റ്റിൽ ഉള്ളതും പുതുതായി അപേക്ഷിച്ചതുമായ എല്ലാ പെൺകുട്ടികൾക്കും പങ്കെടുക്കാം. താൽപര്യമുള്ളവർ മേൽ പറഞ്ഞ തീയ്യതിയിൽ രാവിലെ 9നും 10.30നും ഇടയ്ക്ക് പോളിടെക്നിക്കിൽ വന്ന് രജിസ്റ്റർ ചെയ്യണം. വിവരങ്ങൾ ംംം.ുീഹ്യമറാശശൈീ.ീൃഴ/ഘലഷ്ാ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രീ മെട്രിക് ഹോസ്റ്റലിൽ ട്യൂട്ടർ

പട്ടികജാതി വികസന വകുപ്പിന് കീഴിലെ മാവൂർ പ്രീ മെട്രിക് ഹോസ്റ്റലിൽ അഞ്ച് മുതൽ പത്തുവരെ ക്ലാസിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് രാവിലെയും വൈകുന്നേരവും ട്യൂഷൻ എടുക്കാൻ ട്യൂട്ടർമാരെ നിയമിക്കുന്നു. ഇംഗ്ലീഷ്, കണക്ക്, സയൻസ്, സോഷ്യൽ സ്റ്റഡീസ്, ഹിന്ദി വിഷയങ്ങളിൽ ബി എഡ്/തത്തുല്യ യോഗ്യതയുള്ളവർക്ക് ഹൈസ്കൂൾ വിഭാഗത്തിലും ടിടിസി/തത്തുല്യ യോഗ്യതയുള്ളവർക്ക് യുപി വിഭാഗത്തിലും അപേക്ഷിക്കാം. വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷയും യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ജൂലൈ 17ന് രാവിലെ 11ന് കുന്നമംഗലം ബ്ലോക്ക് ഓഫീസിൽ നടക്കുന്ന വാക്-ഇൻ ഇന്റർവ്യൂവിനെത്തണം. ഫോൺ: 9188920084, 9495456579.

മത്സ്യകൃഷിയിൽ വിജയം: അംബരീഷിന് സംസ്ഥാന പുരസ്കാരം

കോഴിക്കോട്: നാട്ടിൽ കൃഷി ചെയ്ത് ജീവിക്കാനാകുമോ? ലാഭകരമായി കൃഷി ചെയ്യാനാകുമെന്ന് മാത്രമല്ല കുറച്ചുപേർക്ക് ജോലി കൂടി നൽകാൻ സാധിക്കുമെന്നാണ് ചേമഞ്ചേരി തിരുവങ്ങൂർ സ്വദേശി അംബരീഷ് പറയുന്നത്. തിരുവങ്ങൂരിലെ ഫാമിൽ വിജയകരമായി ചെമ്മീൻ കൃഷി ചെയ്ത് സംസ്ഥാന മത്സ്യ കർഷക അവാർഡിൽ മികച്ച ചെമ്മീൻ കർഷകനുള്ള മൂന്നാം സ്ഥാനമാണ് വിദേശത്തെ ജോലി ഒഴിവാക്കി നാട്ടിൽ തിരിച്ചെത്തി സംരംഭം ആരംഭിച്ച അംബരീഷ് നേടിയെടുത്തത്.

യുകെയിൽ നിന്ന് ബിരുദാനന്തര ബിരുദം നേടി സീ ഫുഡ് എക്സ്പോർട്ടിങ് ആൻഡ് സപ്ലൈയിൽ ജോലി ചെയ്തു വരുന്ന കാലത്താണ് നാട്ടിൽ തിരിച്ച് വന്ന് എന്തെങ്കിലും സംരംഭം തുടങ്ങാമെന്ന് അംബരീഷ് തീരുമാനിക്കുന്നത്. 2015 ൽ നാട്ടിലെത്തി ഫ്രഷ് വാട്ടർ ഫിഷിന്റെയും മറൈൻ വാട്ടർ ഫിഷിന്റെയും എക്സ്പോർട്ടിങ്ങിൽ ജോലി നോക്കുകയും ചെയ്തു. എന്നാലിത് വിചാരിച്ച രീതിയിൽ മുന്നോട്ടുപോയില്ല. ഈ സംരംഭം ഉപേക്ഷിച്ച് 2017-18 ൽ ബന്ധുവിന്റെ 18 ഏക്കർ സ്ഥലം ഏത് രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കും എന്ന് അന്വേഷിച്ചിറങ്ങിയതിൽ നിന്നാണ് മത്സ്യകൃഷിയിൽ എത്തുന്നത്. തുടക്കത്തിൽ അർദ്ധശാസ്ത്രീയ രീതിയിൽ കൃഷി ചെയ്തു. അതിൽ മെച്ചം കാണാത്തതിനാൽ ഫാം വിപുലീകരിക്കാൻ തീരുമാനിച്ചു. കേരളത്തിലെ മത്സ്യകൃഷി ഫാമുകൾ സന്ദർശിക്കുകയും മത്സ്യം വളർത്തുന്നത് നോക്കി മനസിലാക്കുകയും ചെയ്തു. ശേഷമാണ് സ്വന്തമായി ചെമ്മീൻ കൃഷിയിലേക്ക് ഇറങ്ങി തിരിക്കുന്നത്.

2021 ൽ ജെസിബി ഇറക്കി വനാമി ചെമ്മീനു വേണ്ട രീതിയിൽ കുളം ഒരുക്കി. ബണ്ട് നിർമ്മിച്ചു. ബയോ സെക്യൂരിറ്റി ഉറപ്പുവരുത്തി. 2022 ൽ കൃഷി തുടങ്ങുമ്പോൾ രണ്ടു കുളങ്ങളായിരുന്നു ഉണ്ടായിരുന്നത്. കൃഷി മെച്ചപ്പെടാൻ തുടങ്ങിയപ്പോൾ കുളങ്ങളുടെ എണ്ണവും വർദ്ധിപ്പിച്ചു. ഇപ്പോൾ നാല് കുളങ്ങളും രണ്ട് റിസർവോയർ കുളങ്ങളുണ്ട്.

അവസാനത്തെ സീസണിൽ കൃഷി വിജയകരമായി കൊണ്ടുപോകൻ സാധിച്ചു. വിളവെടുപ്പിൽ 12.5 ടൺ വിളവെടുക്കാൻ സാധിച്ചു. ഈ വർഷം എട്ട് ലക്ഷം വനാമി വിത്ത് ഇട്ടു. മത്സ്യ കൃഷി വഴി ഒരുപാട് ആളുകൾക്ക് ജോലി നൽകാനും അംബരീഷിന് സാധിച്ചു. എട്ട് പേരോളം സ്ഥിര ജീവനക്കാർ ഈ ഫാമിൽ ജോലി ചെയ്യുന്നുണ്ട്.

ലോക ജനസംഖ്യാ ദിനാചരണ പ്രവർത്തനങ്ങൾക്ക് തുടക്കം

കോഴിക്കോട്: അമ്മയാകേണ്ടത് ശരിയായ പ്രായത്തിൽ; മനസും ശരീരവും തയ്യാറാകുമ്പോൾ മാത്രം എന്ന സന്ദേശം ഉയർത്തിപ്പിടിച്ച് ലോക ജനസംഖ്യാ ദിനാചരണ പ്രവർത്തനങ്ങൾക്ക് ജില്ലയിൽ തുടക്കമായി. തിരുവങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നടന്ന ദിനചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം പന്തലായനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി ബാബുരാജ് നിർവ്വഹിച്ചു. പന്തലായനി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ കെ അബിനീഷ് അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. വി ആർ ലതിക ദിനാചരണ സന്ദേശം നൽകി. പന്തലായനി ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അധ്യക്ഷ ബിന്ദു സോമൻ, തിരുവങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. കെ ജെ ഷീബ, ജില്ലാ എഡ്യൂക്കേഷൻ മീഡിയ ഓഫീസർ ഡോ. എൽ ഭവില, പന്തലായനി ബ്ലോക്ക് മെമ്പർ എം പി മൊയ്തീൻ കോയ, ചേമഞ്ചേരി ഗ്രാമപഞ്ചയത്ത് വാർഡ് മെമ്പർ വിജയൻ കണ്ണഞ്ചേരി, തിരുവങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രം ഹെൽത്ത് സൂപ്പർവൈസർ ഹരികുമാർ എന്നിവർ സംസാരിച്ചു.

തുടർന്ന് കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് ഡോ. സി പി ദിവ്യ സ്ത്രീകളുടെ പ്രത്യുല്പാദന ആരോഗ്യം, കുടുംബാസൂത്രണ മാർഗ്ഗങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. തിരുവങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകർ അവതരിപ്പിച്ച ബോധവത്ക്കരണ സ്കിറ്റ്, പോസ്റ്റർ പ്രദർശനം എന്നിവയും സംഘടിപ്പിച്ചു. ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ദേശീയ ആരോഗ്യ ദൗത്യം കോഴിക്കോട്, തിരുവങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രം എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, ആരോഗ്യ പ്രവർത്തകർ, ആശ പ്രവർത്തകർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

ഇഡി ഉദ്യോഗസ്ഥൻ പ്രതിയായ കൈക്കൂലി കേസ്; വിജിലൻസിന് നിർണായക തെളിവുകൾ ലഭിച്ചു

കൊല്ലം: ഇഡി ഉദ്യോഗസ്ഥൻ പ്രതിയായ കൈക്കൂലി കേസിൽ നിർണായക തെളിവുകൾ വിജിലൻസിന് ലഭിച്ചു. ഇ ഡി അസിസ്റ്റൻറ് ഡയറക്ടർ ശേഖർ കുമാർ, നാലാം പ്രതി രഞ്ജിത്ത് വാര്യരുമായി നടത്തിയ സംഭാഷണത്തിന്റെ നിർണായക തെളിവുകളാണ് കണ്ടെത്തിയത്. രഞ്ജിത്ത് വാര്യരുടെ ഫോണിൽ ഫോറൻസിക് പരിശോധനയിലാണ് തെളിവ് ലഭിച്ചത്. ശേഖർ കുമാറിനെ ചോദ്യം ചെയ്യാനാൻ അന്വേഷണസംഘം ഉടൻ നോട്ടീസ് നൽകും. കേസിൽ ശേഖർ കുമാറിന് ഹൈക്കോടതി സിംഗിൾ ബെഞ്ച് മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു.

കൊല്ലത്തെ കശുവണ്ടി വ്യവസായിയായ അനീഷിൻറെ പേരിലുള്ള കേസ് ഒഴിവാക്കാൻ രണ്ട് കോടി രൂപ കൈക്കൂലി ആവശ്യപ്പെട്ടു എന്നാണ് കേസ്. ഇതിലാണ് ശേഖർ കുമാറിനെ ഒന്നാം പ്രതിയാക്കി വിജിലൻസ് കേസെടുത്തത്. കൈക്കൂലി വാങ്ങാൻ ഇടനില നിന്ന മൂന്നുപേർ നേരത്തെ അറസ്റ്റിലായിരുന്നു

മൂന്ന് തീരദേശ റോഡ് നവീകരണത്തിന് ഫണ്ട് അനുമതിയായി

കോഴിക്കോട്: ബേപ്പൂർ നിയോജക മണ്ഡലത്തിൽ മൂന്ന് തീരദേശ റോഡുകളുടെ നവീകരണ പ്രവൃത്തികൾക്കായി 199.60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതായി പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് അറിയിച്ചു. മണ്ഡലത്തിലെ തീരദേശ റോഡുകൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഫിഷറീസ് മന്ത്രിക്ക് കത്ത് നൽകിയതിനെ തുടർന്നാണ് തുക അനുവദിച്ചത്.

കടലുണ്ടി പഞ്ചായത്തിലെ ശ്രീദേവി സ്കൂൾ ബസ്സ്റ്റോപ്പ് മുതലാരംഭിക്കുന്ന മുരുകല്ലിങ്ങൽ ചീർപ്പ് പുഴയോരം റോഡിന് 77.90 ലക്ഷം രൂപയും കോർപ്പറേഷൻ പരിധിയിൽ ബേപ്പൂർ മേഖലയിലെ 48-ാം ഡിവിഷനിൽ പാടത്തു പറമ്പ് ഡ്രൈനേജ് കം ഫുട്പാത്ത് നിർമാണത്തിന് 91.50 ലക്ഷം രൂപയും ബേപ്പൂർ മാത്തോട്ടം 53-ാം ഡിവിഷനിൽ മുണ്ടേപ്പാടം റോഡ് നവീകരണത്തിന് 30.20 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

ഹാർബർ എൻജിനീയറിങ് വകുപ്പിനാണ് എല്ലാ റോഡുകളുടെയും നിർമാണ ചുമതല. നടപടികൾ പൂർത്തിയാക്കി എത്രയും വേഗം പ്രവൃത്തി ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയതായും മന്ത്രി പറഞ്ഞു.

'ശുചിത്വസാഗരം സുന്ദര തീരം' പദ്ധതിയിൽ സംസ്ഥാനത്ത് ഒന്നാമതെത്തി കോഴിക്കോട്

ശുചിത്വത്തിൽ മാതൃക തീർത്ത് കോഴിക്കോടിന്റെ കടലും തീരവും

കോഴിക്കോട്: കടലിലും തീരത്തും അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കി മത്സ്യസമ്പത്തിന്റെ സംരക്ഷണവും തീരദേശ വികസനവും ലക്ഷ്യമിട്ട് നടപ്പാക്കിയ 'ശുചിത്വസാഗരം സുന്ദര തീരം' പദ്ധതിയിൽ സംസ്ഥാനതലത്തിൽ ഒന്നാമതെത്തി ജില്ല. കഴിഞ്ഞ ദിവസമാണ് മന്ത്രി സജി ചെറിയാൻ പ്രഖ്യാപനം നടത്തിയത്. കടൽത്തീരം പ്ലാസ്റ്റിക് മുക്തവും ശുചിത്വവും മനോഹരവുമാക്കിയതിനുള്ള പുരസ്കാരമാണ് കോഴിക്കോടിനു ലഭിച്ചത്.

ജില്ലയിൽ അഴിയൂർ പഞ്ചായത്തിലെ എരിക്കൽ ബീച്ച് മുതൽ കടലുണ്ടി പഞ്ചായത്തിലെ വാക്കടവ് കോർണിഷ് മസ്ജിദ് വരെ ഓരോ കിലോമീറ്റർ ഇടവിട്ട് 72 ആക്ഷൻ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, സന്നദ്ധ സേവകർ എന്നിവരാണ് പ്രധാനമായും പങ്കാളികളായത്. മത്സ്യബന്ധനം, തദ്ദേശ സ്വയംഭരണം, യുവജനകാര്യം, വിനോദ സഞ്ചാരം തുടങ്ങിയ വകുപ്പുകളുമാണ് പദ്ധതിയിൽ സഹകരിച്ചത്.

കോർപറേഷൻ, നഗരസഭകൾ, പഞ്ചായത്തുകൾ, ആരോഗ്യ വിഭാഗം, ശുചീകരണ തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, കോസ്റ്റൽ പൊലീസ്, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവരും ഭാഗമായി. എൻഎസ്എസ് വോളന്റിയർമാർ, ടിഡിഎഫ്, ഹരിത കർമസേന തുടങ്ങിയവരും പങ്കെടുത്തു. 3000 ത്തിലധികം പേരാണ് ഇതിനായി ഒരുമിച്ചത്.

ഏകദിന പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞത്തിന്റെ ഭാഗമായി 25,023 കിലോ മാലിന്യമാണ് തീരദേശത്തു നിന്നു ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകിയത്. മൂന്നാം ഘട്ടത്തിൽ ഹാർബറുകൾ കേന്ദ്രീകരിച്ച് മാലിന്യ ശേഖരണവും സംഘടിപ്പിച്ചു.

കോഴിക്കോട്: 'ശുചിത്വസാഗരം സുന്ദര തീരം' പദ്ധതിയിൽ സംസ്ഥാനത്ത് ഒന്നാമതെത്തിയ കോഴിക്കോട് ജില്ല മുന്നോട്ട് വെക്കുന്നത് ഒറ്റക്കെട്ടായ പ്രവർത്തനങ്ങളുടെ വിജയഗാഥ.

കടലിലും തീരത്തും അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കി മത്സ്യസമ്പത്തിന്റെ സംരക്ഷണവും തീരദേശ വികസനവും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 'ശുചിത്വസാഗരം സുന്ദര തീരം'. പദ്ധതിയിൽ മികച്ച പ്രവർത്തനം നടത്തിയതിനുള്ള സംസ്ഥാനതല അവാർഡ് കോഴിക്കോട് ജില്ലയ്ക്ക് ലഭിച്ചതായി മത്സ്യബന്ധന വകുപ്പ് മന്ത്രി സജി ചെറിയാൻ കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചിരുന്നു. കടൽത്തീരം പ്ലാസ്റ്റിക് മുക്തവും ശുചിത്വമുള്ളതും മനോഹരവുമാക്കുന്നതിൽ ഏറ്റവും മികച്ച പങ്ക് വഹിച്ചതിനാണ് പുരസ്കാരം.

മത്സ്യബന്ധനം, തദ്ദേശ സ്വയംഭരണം, യുവജനകാര്യം, വിനോദ സഞ്ചാരം വകുപ്പുകളുടെയും അവയുടെ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങൾ, സംഘങ്ങൾ, സന്നദ്ധ സേവകർ എന്നിവരുടെ സഹകരണത്തോടെയുമാണ് പദ്ധതി നടപ്പിലാക്കിയത്. ജില്ലയിൽ അഴിയൂർ പഞ്ചായത്തിലെ എരിക്കൽ ബീച്ച് മുതൽ കടലുണ്ടി പഞ്ചായത്തിലെ വാക്കടവ് കോർണിഷ് മസ്ജിദ് വരെ ഓരോ കിലോമീറ്റർ ഇടവെട്ട് സജ്ജീകരിച്ച 72 ആക്ഷൻ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. ഇതിന്റെ മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും രാഷ്ട്രീയ പാർട്ടികളെയും, വിവിധ വകുപ്പുകളെയും സംയോജിപ്പിച്ച് ആക്ഷൻ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പരിപാടിയുടെ വിജയത്തിനായി വിവിധ സംഘാടക സമിതികൾ രൂപീകരിക്കുകയുയും ചെയ്തു.

ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾ, കോർപ്പറേഷൻ, തദ്ദേശ സ്വയംഭരണം, ആരോഗ്യ വിഭാഗം, ശുചീകരണ തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, കോസ്റ്റൽ പോലീസ്, ബോട്ടുടമകൾ, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, എൻഎസ്എസ് വളന്റിയർമാർ, ടിഡിഎഫ്, ഹരിത കർമസേന തുടങ്ങി 3000 ത്തിലധികം വരുന്ന സമൂഹത്തിലെ നാനാ മേഖലയിലുള്ളവ

തെരുവ് നായ ശല്യം പരിഹാരമുണ്ടാക്കണം

കേരളമാകെ ഭീതിയാവുന്ന ഒന്നാണ് തെരുവ് നായ ശല്ല്യം. തെരുവ് നായകളുടെ ആക്രമണ വാർത്തകൾ സ്ഥിരമായിരിക്കുന്നു. ആബാലവൃദ്ധം ജനങ്ങൾക്കും തെരുവ് നായയുടെ ആക്രമണമേൽക്കുകയാണ്. ജനങ്ങൾക്ക് സുരക്ഷിതമായി വഴിനടക്കാനാവാത്ത തരത്തിൽ തെരുവ് നായ ശല്ല്യം വർദ്ധിക്കാനുള്ള കാരണം കണ്ടെത്തി പരിഹാരമുണ്ടാക്കാൻ സർക്കാർ ശ്രമിക്കണം.തെരുവ് നായകളെ വന്ധ്യംകരിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാണ് നടക്കുന്നതെന്ന് അധികാരികൾ വ്യക്തമാക്കുമ്പോഴും തെരുവ് നായകൾ പെരുകുന്നതായാണ് കണ്ട് വരുന്നത്. ഒറ്റയ്ക്കും, പലപ്പോഴും കൂട്ടമായും സഞ്ചരിക്കുന്ന ഇവകൾ പെട്ടെന്നാണ് അക്രമകാരികളാവുന്നത്. അതിൽത്തന്നെ പേവിഷബാധയുള്ള നായകളുണ്ടെങ്കിൽ സ്ഥിതി കൂടുതൽ സങ്കീർണ്ണമാവും. പേവിഷബാധയേറ്റ് സംസ്ഥാനത്ത് നിരവധി മരണങ്ങളാണുണ്ടാവുന്നത്. നായയുടെ കടിയേറ്റാൽ പ്രഥമ ശുശ്രൂഷ കൃത്യമായി നൽകുന്നതിലും, തുടർന്ന് ആശുപത്രിയിലെത്തുന്നവർക്ക് വിദഗ്ധമായ ചികിത്സ കിട്ടാത്തതും മരണത്തിനിടയാക്കുന്നുണ്ട്. പേപ്പട്ടി വിഷബാധയ്ക്കുള്ള വാക്സിൻ കൃത്യമായി സൂക്ഷിക്കാത്തതിനാൽ മരുന്നിന്റെ ഫലസിദ്ധി ശരിക്കും ലഭിക്കുന്നില്ല എന്നും അഭിപ്രായമുണ്ട്.

തെരുവോരങ്ങളിൽ അലക്ഷ്യമായി വലിച്ചെറിയുന്ന ഭക്ഷ്യ മാലിന്യങ്ങൾ തിന്ന് നായകൾ, ഒറ്റയ്ക്കും കൂട്ടമായും നടക്കുകയാണ്. ശുചീകരണ പ്രവർത്തികൾ വൻ വിജയത്തിലേക്കെന്ന് നാം പ്രഖ്യാപിക്കുമ്പോഴും, ഇക്കാര്യം പരിപൂർണ്ണമായി നടക്കുന്നുണ്ടോ എന്നതും പരിശോധിക്കപ്പെടേണ്ടതാണ്. റോഡുകളിലും ഇടവഴികളിലും, പൊതുവിടങ്ങളിലും സഞ്ചരിക്കുന്ന തെരുവ് നായകൾ നാടിനൊരു ഭീഷണി തന്നെയാണ്. കാർഷിക മേഖലയിൽ വന്യമൃഗ ഭീഷണി പോലെതന്നെ വലുതാണ് നാട്ടിലിറങ്ങുന്ന അപകടകാരികളായ തെരുവ് നായകൾ. കാലത്ത് തന്നെ സ്കൂളിലേക്കും, കോളേജുകളിലേക്കും പോകുന്നവർ, ജോലിക്കിറങ്ങുന്നവർ, രാവിലത്തെ നടത്തത്തിനു പോകുന്നവർ ഉൾപ്പെടെ എല്ലാവരും അരക്ഷിതാവസ്ഥയിലാണ്. തെരുവ് നായകളെ പിടികൂടി വന്ധ്യംകരണം നടത്തി, സംരക്ഷിക്കുന്ന നടപടികളും ഫലപ്രദമാകുന്നില്ല എന്നാണ് അടിക്കടിയുണ്ടാവുന്ന തെരുവ് നായ ആക്രമണം വ്യക്തമാക്കുന്നത്. ഇക്കാര്യത്തിൽ നിലനിൽക്കുന്ന നിയമപരമായ പ്രശ്നം മറികടക്കാൻ സംസ്ഥാന സർക്കാരുകൾ ഇടപെടുകയും, ജനങ്ങളെയും, കൃഷിയെയും തകർക്കുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കുന്നതുപോലുള്ള നടപടികൾ തെരുവ് നായ വിഷയത്തിലും കൈക്കൊള്ളാൻ സർക്കാർ തയ്യാറാവണം. പ്രാദേശിക ഭരണകൂടങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളിലൂടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തികൾ കാര്യക്ഷമമായി നടക്കണം. ജനങ്ങൾക്ക് നിർഭയമായി സഞ്ചരിക്കാനുള്ള സൗകര്യം ഉറപ്പുവരുത്താൻ നടപടികളുണ്ടാവണം.

താൽക്കാലിക അധ്യാപക നിയമനം

ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്എസ്എസ്ടി ബോട്ടണി വിഭാഗത്തിലേക്ക് താൽക്കാലിക അധ്യാപകനെ നിയമിക്കുന്നു. അഭിമുഖം ജൂലൈ 14ന് രാവിലെ 11 മണിക്ക് ഹയർ സെക്കൻഡറി ഓഫീസിൽ.

വാഹന ലേലം 14ന്

മൈനർ ഇറിഗേഷൻ സർക്കിൾ കാര്യാലയത്തിനു കീഴിലുള്ള ഗഘ കക അഎ7069 അംബാസിഡർ കാർ 2025 ആഗസ്റ്റ് നാലിന് 15 വർഷം പൂർത്തിയാകുന്നതിനാൽ നിലവിലുള്ള അവസ്ഥയിൽ പൊതു ലേലം/ക്വട്ടേഷൻ മുഖേന ജൂലൈ 14ന് രാവിലെ 11 മണിക്ക് വില്പന നടത്തും. മൈനർ ഇറിഗേഷൻ സർക്കിൾ, കോഴിക്കോട്. ഫോൺ: 0495 2381677.

മെഡിക്കൽ കോളജിൽ ഡോക്ടർ ക്ഷാമം രൂക്ഷം

കോഴിക്കോട്: സംസ്ഥാനത്തെ വിവിധ ഗവ. മെഡിക്കൽ കോളജുകളിൽ നിന്നായി 61 പേരെ വയനാട്, കാസർകോട് മെഡിക്കൽ കോളജുകളിലേക്കു മാറ്റി നിയമിച്ചിട്ടും ദേശീയ മെഡിക്കൽ കമ്മിഷന്റെ പരിശോധനയിൽ അംഗീകാരം ലഭിച്ചില്ല. കോഴിക്കോട് മെഡിക്കൽ കോളജിലെ 11 ഡോക്ടർമാരെ ഉൾപ്പെടെ 20 പേരെ കഴിഞ്ഞ ജൂൺ 4ന് ആണ് വയനാട്ടിലേക്കു മാറ്റിയത്. കോഴിക്കോടിനു പുറമേ തൃശൂർ, തിരുവനന്തപുരം, കോട്ടയം, കണ്ണൂർ, ആലപ്പുഴ മെഡിക്കൽ കോളജുകളിൽ നിന്നായി 9 ഡോക്ടർമാരെയും വയനാട്ടിലേക്കു മാറ്റിയിരുന്നു.

കോഴിക്കോട്, തൃശൂർ, കണ്ണൂർ മെഡിക്കൽ കോളജുകളിൽ നിന്നായി 41 ഡോക്ടർമാരെ ജൂൺ 17ന് ആണ് കാസർകോട് ഗവ. മെഡിക്കൽ കോളജിലേക്കു മാറ്റി നിയമിച്ചത്. ഇതിൽ 20 പേരെയും കോഴിക്കോട്ടു നിന്നാണു മാറ്റിയത്. വയനാട്, കാസർകോട് മെഡിക്കൽ കോളജുകളിൽ അധ്യാപക തസ്തിക സൃഷ്ടിച്ചു നിയമനം നടത്താതെ, അവിടങ്ങളിൽ അധ്യാപകരുണ്ടെന്നു കാണിക്കാൻ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നടത്തുകയായിരുന്നു.

ദേശീയ മെഡിക്കൽ കമ്മിഷന്റെ പരിശോധന കഴിഞ്ഞു റിപ്പോർട്ട് നൽകിയിട്ടും അവരെ തിരിച്ച് അതതു മെഡിക്കൽ കോളജുകളിലേക്ക് നിയമിക്കാൻ നടപടിയാകാത്തതിനാൽ അവിടങ്ങളിൽ ഡോക്ടർമാരുടെ ക്ഷാമം രൂക്ഷമായി തുടരുകയാണ്. 2 തവണയായി 31 ഡോക്ടർമാരെയാണ് കോഴിക്കോട് മെഡിക്കൽ കോളജിൽ നിന്നു മാത്രം മാറ്റിയത്. ഇത് കോഴിക്കോട് മെഡി. കോളജിൽ പഠനത്തെയും ചികിത്സയെയും ബാധിച്ചിട്ടുണ്ട്.

അനസ്തീസിയ, ശിശുരോഗം, സൈക്യാട്രി, സ്ത്രീരോഗം, എല്ലുരോഗം, ജനറൽ മെഡിസിൻ, ജനറൽ സർജറി, ഫിസിയോളജി, കമ്യൂണിറ്റി മെഡിസിൻ, പാത്തോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി, ഫാർമക്കോളജി തുടങ്ങിയ വിഭാഗങ്ങളിലെ ഡോക്ടർമാരെയാണ് വിവിധ മെഡിക്കൽ കോളജുകളിൽ നിന്നു മാറ്റിയത്. നിലവിൽ കോഴിക്കോട് മെഡിക്കൽ കോളജിൽ ദേശീയ മെഡിക്കൽ കമ്മിഷന്റെ പരിശോധന നടന്നാൽ ആവശ്യത്തിന് അധ്യാപകരില്ലെന്നു തെളിയും. അതു നിലവിലെ യുജി, പിജി, സീറ്റുകളെ ബാധിക്കുകയും ചെയ്യും. ആവശ്യത്തിനു അധ്യാപകർ ഉൾപ്പെടെയില്ലാത്തതിനാൽ കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളജുകൾ 5 ലക്ഷം രൂപ വീതവും മറ്റു മെഡിക്കൽ കോളജുകൾ 3 ലക്ഷം രൂപ വീതവുമാണ് 2024 25ൽ ദേശീയ മെഡിക്കൽ കമ്മിഷനു പിഴ ഒടുക്കിയത്.

കണ്ണൂർ വിമാനത്താവള പരിധിയിൽ ഡ്രോൺ നിരോധനം

കണ്ണൂർ: വിമാനത്താവളത്തിന്റെ അഞ്ച് കിലോമീറ്റർ ചുറ്റളവിൽ മൂന്ന് ദിവസത്തേക്ക് ഡ്രോൺ, പാരാഗ്ലൈഡർ, ഹോട്ട് എയർ ബലൂണുകൾ, മറ്റേതെങ്കിലും ആളില്ലാത്ത വ്യോമ വാഹനങ്ങൾ എന്നിവ ഉപയോഗിക്കുന്നത് നിരോധിച്ചു. ജില്ല കലക്ടർ അരുൺ കെ. വിജയന്റേതാണ് ഉത്തരവ്.

വിമാനത്താവളത്തിന്റെ അതിർത്തി മുതൽ അഞ്ച് കിലോമീറ്റർ എന്ന നിലക്കാണ് ചുറ്റളവ് കണക്കാക്കിയത്. വിമാനങ്ങൾ ഇറങ്ങുന്നതിനോ പറന്നുയരുന്നതിനോ തടസ്സമാവുന്ന രീതിയിൽ ഇത്തരത്തിൽ ഏതെങ്കിലും പ്രവർത്തനം കണ്ടാൽ അടുത്ത പൊലീസ് സ്റ്റേഷനിൽ വിവരം അറിയിക്കണമെന്നും കലക്ടർ അറിയിച്ചു.മുമ്പ് ഡ്രോൺ പറത്തുന്നതിനെതിരെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (സിയാൽ) പൊലീസിൽ പരാതി നൽകിയിരുന്നു. അധികൃതരുടെ അനുമതിയില്ലാതെ ഡ്രോൺ പറത്തുന്നതും ഉത്സവകാലങ്ങളിൽ പരസ്യപ്രചരണാർഥം ലേസർ ബീമുകൾ ഉപയോഗിക്കുന്നതും വ്യോമയാനത്തിന് ഭീഷണിയാണെന്ന് കാണിച്ചാണ് പരാതി നൽകിയത്. ഡ്രോൺ പറക്കുന്നത് ശ്രദ്ധയിൽപെട്ടാൽ 0484 2610001 നമ്പറിൽ അറിയിക്കണ? മെന്ന്? ജനങ്ങളോട് സിയാൽ അധികൃതർ അഭ്യർഥിച്ചു.ഉത്സവകാലങ്ങളിലും ഉദ്ഘാടനം പോലുള്ള അവസരങ്ങളിലും ജനശ്രദ്ധയാകർഷിക്കാൻ ലേസർ ബീം മിന്നിക്കുന്ന പ്രവണതയും വിമാനങ്ങളുടെ ലാൻഡിങ്ങിന് ഭീഷണിയുണ്ടാക്കുന്നു. ഇതുസംബന്ധിച്ച് നിരവധി തവണ പൈലറ്റുമാർ എയർ ട്രാഫിക് കൺട്രോളറുടെ ശ്രദ്ധയിപെടുത്തിയിട്ടുണ്ട്. കൊച്ചി വിമാനത്താവളത്തിൻറെ 15 കിലോമീറ്റർ ചുറ്റളവിൽ ലേസർ ബീം മിന്നിക്കുന്നത് അപകടം ക്ഷണിച്ചു വരുത്തുമെന്നും സിയാൽ മുന്നറിയിപ്പ് നൽകുന്നു. മുമ്പ് ജമ്മുവിലുണ്ടായ ഡ്രോൺ ആക്രമണത്തെ തുടർന്ന് 'അൺ മാൻഡ് എയർക്രാഫ്റ്റ് സിസ്റ്റം റൂൾ -2021'ലെ ചട്ടങ്ങൾ കർശനമായി പാലിക്കാൻ കേന്ദ്ര വ്യോമയാന മന്ത്രാലയം വിമാനത്താവള ഓപറേറ്റർമാർക്കും ജില്ല ഭരണകൂടങ്ങൾക്കും നിർദേശം നൽകിയിരുന്നു.

തീറ്റപ്പുൽ കൃഷി പരിശീലന പരിപാടി

ബേപ്പൂർ നടുവട്ടത്തെ ക്ഷീരപരിശീലന കേന്ദ്രത്തിൽ ജൂലൈ 30, 31 തീയ്യതികളിൽ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് തീറ്റപ്പുൽ കൃഷിയിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ കാർഡിന്റെയും ബാങ്ക് പാസ്സ്ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കും. താത്പര്യമുള്ളവർ ജൂലൈ 26ന് വൈകീട്ട് അഞ്ചിനകം 0495-2414579 ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യണം.

മികവ് 2025 ജൂലായ് 13ന്

2024-25 വർഷത്തിൽ എസ്എസ്എൽസി പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ കോഴിക്കോട് ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ അവാർഡ് വിതരണം ജൂലായ് 13ന് ഉച്ച രണ്ട് മണിക്ക് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ നടക്കും. മത്സ്യഫെഡ് ചെയർമാൻ ടി മനോഹരന്റെ അദ്ധ്യക്ഷതയിൽ അഹമ്മദ് ദേവർകോവിൽ എം എൽഎ ഉദ്ഘാടനം നിർവ്വഹിക്കും. എംപി എം കെ രാഘവൻ, മത്സ്യബോർഡ് ചെയർമാൻ കൂട്ടായി ബഷീർ എന്നിവർ മുഖ്യാതിഥികളാകും.

ചടങ്ങിൽ 2024-25 സാമ്പത്തിക വർഷം മികച്ച പ്രവർത്തനം കാഴ്ചവെച്ച പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ, മത്സ്യഫെഡ് മത്സ്യത്തൊഴിലാളി അപകട ഇൻഷൂറൻസ് പദ്ധതിയിൽ മികച്ച മുന്നേറ്റം കൈവരിച്ച സംഘങ്ങൾ, മത്സ്യബന്ധന ഗ്രൂപ്പുകൾ, എസ്എച്ച്ജി ഗ്രൂപ്പ് എന്നിവർക്കുള്ള അവാർഡ് വിതരണവും നടക്കും.

അങ്കണവാടി കം ക്രഷ് അപേക്ഷ ക്ഷണിച്ചു

പേരാമ്പ്ര ഐസിഡിഎസ് പരിധിയിലെ കൂത്താളി പഞ്ചായത്തിലെ അങ്കണവാടി കം ക്രഷ് ഹെൽപ്പർ തസ്തികയിലേക്ക് കൂത്താളി പഞ്ചായത്ത് പരിധിയിലുള്ള സ്ഥിര താമസക്കാരായ പഞ്ചായത്തിലെ 18നും 35നും ഇടയിൽ പ്രായമുള്ള വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ ജൂലൈ 17ന് വൈകീട്ട് അഞ്ചിനകം പേരാമ്പ്ര ശിശു വികസന പദ്ധതി ഓഫീസിൽ സ്വീകരിക്കും. അപേക്ഷ ഫോമും വിശദ വിവരണവും പേരാമ്പ്ര ശിശു വികസന പദ്ധതി ഓഫീസ്, കൂത്താളി പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ ലഭ്യമാണ്.

ലക്ചർ: അപേക്ഷ ക്ഷണിച്ചു

വെസ്റ്റ്ഹിൽ കേരള ഗവ. പോളിടെക്നിക് കോളേജ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒഴിവുള്ള ഒരു ലക്ചർ, ജനറൽ വർക്ക് ഷോപ്പിൽ ഒഴിവുള്ള ഒരു ട്രേഡ്സ്മാൻ (മെഷിനിസ്റ്റ്) തസ്തികകളിൽ താൽകാലികമായി നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ലക്ചർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് യോഗ്യത: ബി ടെക് ഫസ്റ്റ് ക്ലാസ് ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ട്രേഡ്സ്മാൻ ഇൻ ജനറൽ വർക്ക് ഷോപ് യോഗ്യത: ഐടിഐ മെഷിനിസ്റ്റ് /ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ്. അപേക്ഷകർ ജൂലൈ 14ന് രാവിലെ 10.30ന് ഒറിജിനൽ സർട്ടിഫിക്കറ്റുകളോടെ പ്രിൻസിപ്പാൾ മുമ്പാകെ നേരിട്ടെത്തണം. ഫോൺ: 0495 2383924.

ചുരുക്ക പട്ടിക പ്രസിദ്ധീകരിച്ചു

കോഴിക്കോട് വിദ്യാഭ്യാസ വകുപ്പിൽ യുപി സ്കൂൾ ടീച്ചർ -മലയാളം മീഡിയം (റിക്രൂട്ട്മെന്റ് ബൈ ട്രാൻസ്ഫർ, കാറ്റഗറി നം.140/2024) ചുരുക്ക പട്ടികയുടെ പകർപ്പ് പി എസ് സി ജില്ലാ ഓഫീസർ പ്രസിദ്ധീകരിച്ചു.

അപേക്ഷ ക്ഷണിച്ചു

ഐഎച്ച്ആർഡിയുടെ വടകര മോഡൽ പോളിടെക്നിക് കോളേജിൽ 2025-26 അധ്യയന വർഷത്തേക്ക് ലക്ചറർ ഇൻ ഇംഗ്ലീഷ്, ട്രേയ്ഡ്സ്മാൻ ഇലക്ട്രോണിക്സ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ലക്ചറർ ഇൻ ഇംഗ്ലീഷ് യോഗ്യത - യുജിസി മാനദണ്ഡപ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത. ഈ യോഗ്യതയുള്ളവരുടെ അഭാവത്തിൽ 55 ശതമാനം മാർക്കോട് കൂടി ബിരുദാനന്തര ബിരുദവും സെറ്റ്, ബിഎഡ് യോഗ്യതയുള്ളവരേയും പരിഗണിക്കും. ഇന്റർവ്യൂ: ജൂലൈ 21ന് രാവിലെ പത്ത് മണിക്ക്. ട്രേയ്ഡ്സ്മാൻ ഇലക്ട്രോണിക്സ് യോഗ്യത: പ്രസ്തുത ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്. ഇന്റർവ്യൂ: ജൂലൈ 17-ന് രാവിലെ 10 മണിക്ക്. ഫോൺ - 0496-2524920.

ബോട്ട് ലാസ്കർ: അപേക്ഷ ക്ഷണിച്ചു

കേഴിക്കോട് റൂറൽ പോലീസിനു കിഴിൽ വടകര തീരദേശ പോലീസ് സ്റ്റേഷനിൽ ബോട്ട് ലാസ്കർ തസ്തികയിലേക്ക് താൽകാലിക നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. ദിവസ വേതനം: 645 രൂപ. വിദ്യാഭ്യാസ യോഗ്യത: ഏഴാം ക്ലാസ്. അഞ്ച് വർഷം ലാസ്കർ തസ്തികയിൽ സേവനം പരിചയം വേണം. പ്രായപരിധി: 18നും 40 വയസ്സിനും ഇടയിൽ. അപേക്ഷ ജില്ല പോലീസ് മേധാവി കോഴിക്കോട് റൂറൽ എന്ന വിലാസത്തിൽ ജൂലൈ 25 നകം നൽകണം. അപേക്ഷയോടോപ്പം യോഗ്യത തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകണം.

ജൂനിയർ ഡോക്ടർ നിയമനം

കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിലെ, മെഡിക്കൽ ഓങ്കോളജി വിഭാഗത്തിലേക്ക് ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ ജൂനിയർ ഡോക്ടറെ നിയമിക്കുന്നു. അടിസ്ഥാന യോഗ്യത- എംബിബിഎസ് ബിരുദം (കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ/നാഷണൽ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധം)അധിക യോഗ്യത: എംബിബിഎസ്സിനു ശേഷം ജനറൽ മെഡിസ്സിൻ, റേഡിയോ തെറാപ്പി, മെഡിക്കൽ ഓങ്കോളജി എന്നിവയിൽ ഏതെങ്കിലും വിഭാഗത്തിലുള്ള പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. പ്രതിമാസം 50,000 രൂപ വേതനം. ഉദ്യോഗാർത്ഥികൾ ജൂലൈ 15ന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിലെ എച്ച്ഡിഎസ് ഓഫീസിൽ എത്തണം. ഫോൺ: 0495 2355900.

പ്രവാസി കേരളീയ ക്ഷേമ ബോർഡ് അംഗത്വ ക്യാമ്പയിനും കുടിശ്ശിക നിവാരണവും

കോഴിക്കോട്: പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി അംഗത്വ ക്യാമ്പയിനും അംശാദായ കുടിശ്ശിക നിവാരണവും സംഘടിപ്പിക്കുന്നു.

കോഴിക്കോട് റീജിയണിന് കീഴിലെ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് ആദ്യഘട്ടത്തിൽ ക്യാമ്പയിനും കുടിശ്ശിക നിവാരണവും സംഘടിപ്പിക്കുക.

ജൂലൈ 16ന് വയനാട് കൽപ്പറ്റ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും 18ന് കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും 21ന് കാസർകോഡ് ജില്ലാ പഞ്ചായത്ത് ഹാളിലും 29ന് കണ്ണൂർ കളക്ടറേറ്റ് ഓഡിറ്റോറിയത്തിലുമാണ് രാവിലെ 10 മുതൽ പരിപാടി നടക്കുക.

18നും 60 നും ഇടയിൽ പ്രായമുള്ള, രണ്ടുവർഷം പ്രവാസജീവിതം നയിച്ചവർക്ക് പ്രവാസി ക്ഷേമനിധിയിൽ അംഗമാകാം. ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അംശദായത്തിൽ കുടിശ്ശിക വരുത്തിയവർക്ക് പിഴ ഇളവോടെ കുടിശ്ശിക അടച്ചു തീർക്കാനുള്ള അവസരവും ക്യാമ്പയിനിൽ ഉണ്ടാകും. പുതുതായി രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന പ്രവാസികൾ ആവശ്യമായ രേഖകൾ സഹിതം ക്യാമ്പയിൻ നടക്കുന്ന സ്ഥലങ്ങളിൽ എത്തണം.

കോഴിക്കോട് റീജിയണിലെ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് ശേഷം മറ്റ് പത്ത് ജില്ലകളിലും ക്യാമ്പയിൻ നടത്താനും സെപ്റ്റംബർ അവസാനത്തോടെ എല്ലാ ജില്ലകളിലും അംഗത്വ കുടിശ്ശികനിവാരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ടെന്ന് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചെയർമാൻ അഡ്വ. ഗഫൂർ പി ലില്ലീസ് അറിയിച്ചു. വിശദവിവരങ്ങൾക്ക് 9847874082, 9447793859 നമ്പറുകളിൽ ബന്ധപ്പെടാം.

കേരളം വ്യവസായ സൗഹൃദം; പ്രവാസികൾക്ക് സംരംഭകരാകുന്നതിന് ഉചിതമായ സമയം: അജിത്ത് കോളശ്ശേരി

തിരുവനന്തപുരത്ത്; സംരംഭങ്ങൾ തുടങ്ങുന്നതിന് ഏറ്റവും അനുകൂലമായ അന്തരീക്ഷമാണ് കേരളത്തിൽ നിലവിലുള്ളതെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത്ത് കോളശ്ശേരി പറഞ്ഞു. തിരികെയെത്തിയ പ്രവാസികൾക്കായുള്ള നോർക്ക ഡിപ്പാർട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് അഥവ എൻ.ഡി.പി.ആർ.ഇ.എം പദ്ധതിയുടെ ഭാഗമായി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിന്റെ (സി.എം.ഡി) സഹകരണത്തോടെ സംഘടിപ്പിച്ച സംരംഭകത്വ ശില്പശാല തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വ്യവസായ സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ഏഴു നിയമങ്ങൾ സംസ്ഥാന സർക്കാർ പെളിച്ചെഴുതി. സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട അനുമതി നൽകേണ്ട 21 വകുപ്പുകളുടെ 75 സേവനങ്ങൾ കെ സിഫ്റ്റ് എന്ന ഒറ്റ പ്ലാറ്റ്ഫോം വഴി ലഭ്യമാക്കിയെന്നും അദ്ദേഹം വ്യക്തമാക്കി. തിരികെ എത്തിയ പ്രവാസികൾക്ക് സംരംഭം തുടങ്ങുന്നതിന് ആവശ്യമായ ബോധവൽക്കരണം, വായ്പ സൗകര്യം, വിദഗ്ധ ഉപദേശം, പദ്ധതി രേഖ തയാറാക്കൽ, സംരംഭം തുടങ്ങിയ ശേഷം പ്രശ്നങ്ങൾ ഉണ്ടായാൽ സഹായം തുടങ്ങിയവ നോർക്ക റൂട്ട്സ് ലഭ്യമാക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം തൈക്കാടുള്ള സി.എം.ഡി ഓഫീസ് ഹാളിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ നോർക്ക റൂട്ട്സ് തിരുവനന്തപുരം സെന്റർ മാനേജർ എസ്. സഫറുള്ള അധ്യക്ഷത വഹിച്ചു. സി എംഡി ഡയറക്ടർ ഡോ. സി. ജയശങ്കർ പ്രസാദ്, നോർക്ക റൂട്ട്സ് അസിസ്റ്റന്റ് മാനേജർ ജെൻസി ജോസി തുടങ്ങിയവർ സംസാരിച്ചു. സിഎംഡി അസോസിയേറ്റ് പ്രൊഫസർ പി.ജി. അനിൽ ക്ലാസ് നയിച്ചു. ശില്പശാലയിൽ 66 പ്രവാസികൾ പങ്കെടുത്തു.

തിരികെയെത്തിയ പ്രവാസി കേരളീയരുടെ പുനരധിവാസത്തിനായുള്ള എൻ.ഡി.പി.ആർ.ഇ.എം പദ്ധതിയിലേയ്ക്ക് www.norkaroots.org വെബ്സൈറ്റ് സന്ദർശിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൃത്യമായ വായ്പാ തിരിച്ചടവിന് മൂലധന സബ്സിഡിയും (പരമാവധി മൂന്നു ലക്ഷം രൂപ വരെ) 3 ശതമാനം പലിശ സബ്സിഡിയും (ആദ്യത്തെ നാലു വർഷം) പദ്ധതി വഴി സംരംഭകർക്ക് ലഭിക്കും. പദ്ധതി സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802012345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

സംസ്ഥാന കായകൽപ് പുരസ്ക്കാരങ്ങൾ: കണ്ണൂർ ജില്ലയ്ക്ക് അഭിമാന നേട്ടം

കണ്ണൂർ: 2024-25 വർഷത്തിലെ സംസ്ഥാന കായകൽപ്പ് അവാർഡുകളിൽ കണ്ണൂർ ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് അഭിമാനനേട്ടം. ജില്ലാ/ ജനറൽ ആശുപത്രി വിഭാഗത്തിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മാങ്ങാട്ടുപ്പറമ്പ, (81%) കായകൽപ്പ് കമൻഡേഷൻ അവാർഡ് കരസ്ഥമാക്കി. മൂന്ന് ലക്ഷം രൂപയാണ് അവാർഡ് തുക.

താലൂക്ക് ആശുപത്രി വിഭാഗത്തിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടി പഴയങ്ങാടി താലൂക്ക് ആശുപത്രി (73%) ഒരു ലക്ഷം രൂപയുടെ കായകൽപ്പ് കമൻഡേഷൻ അവാർഡിന് അർഹമായി.

പ്രാഥമികാരോഗ്യ കേന്ദ്ര വിഭാഗത്തിൽ 95.8 ശതമാനം മാർക്ക് നേടി ചൊക്ലി കുടുംബാരോഗ്യ കേന്ദ്രം

രണ്ട് ലക്ഷം രൂപയുടെയും 92.5 ശതമാനം മാർക്ക് നേടി കല്ല്യാശ്ശേരി കുടുംബാരോഗ്യ കേന്ദ്രം 50,000 രൂപയുടെയും 90.8 ശതമാനം മാർക്ക് നേടി മൊറാഴ, ഉദയഗിരി കുടുംബാരോഗ്യ കേന്ദ്രങ്ങൾ 25,000 രൂപയുടെയും അവാർഡുകൾ സ്വന്തമാക്കി.

ജനകീയാരോഗ്യകേന്ദ്ര വിഭാഗത്തിൽ 97.5 % മാർക്ക് നേടി കതിരൂർ മെയിൻ സെന്റർ ഒരു ലക്ഷം രൂപയുടെയും 96.2 % മാർക്ക് നേടി കുണ്ടുചിറ 50,000 രൂപയുടെയും 93.8 % മാർക്ക് നേടി മൊറാഴ 35,000 രൂപയുടെയും അവാർഡുകൾ കരസ്ഥമാക്കി.

സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെ ശുചിത്വം, മാലിന്യ പര

ഇറ്റലി വനിതാ യൂറോ 2025 ക്വാർട്ടർ ഫൈനലിൽ; സ്പെയിനിനോട് തോറ്റെങ്കിലും മുന്നോട്ട്

വെള്ളിയാഴ്ച രാത്രി ബെർണിൽ നടന്ന വനിതാ യൂറോ 2025-ന്റെ ഗ്രൂപ്പ് ബിയിലെ അവസാന മത്സരത്തിൽ സ്പെയിനിനോട് 3-1 ന് തോറ്റെങ്കിലും ഇറ്റലി ക്വാർട്ടർ ഫൈനലിൽ ഇടംനേടി. ഗോൾ വ്യത്യാസത്തിൽ പോർച്ചുഗലിനെ മറികടന്ന് അസൂറെ ഗ്രൂപ്പിൽ രണ്ടാം സ്ഥാനക്കാരായി. ബുധനാഴ്ച നോർവേയുമായിട്ടാണ് അവരുടെ ക്വാർട്ടർ പോരാട്ടം. ഗ്രൂപ്പിൽ ഒന്നാം സ്ഥാനം ഉറപ്പിച്ച സ്പെയിൻ, അഥീന, പാട്രി ഗുയ്ജാരോ, എസ്ഥർ ഗോൺസാലസ് എന്നിവരുടെ ഗോളുകളോടെ തങ്ങളുടെ മികച്ച ഗ്രൂപ്പ് ഘട്ട റെക്കോർഡ് നിലനിർത്തി. ഇറ്റലിക്ക് വേണ്ടി എലിസബറ്റ ഒലിവിയേറോ നേരത്തെ ഒരു ഗോൾ നേടിയിരുന്നു. നിലവിലെ ലോക ചാമ്പ്യൻമാർക്ക് ഇപ്പോൾ ക്വാർട്ടറിൽ ആതിഥേയരായ സ്വിറ്റ്സർലൻഡിനെയാണ് നേരിടേണ്ടത്. തങ്ങളുടെ ആദ്യ യൂറോപ്യൻ കിരീടത്തിനായുള്ള സ്പെയിനിന്റെ പോരാട്ടം തുടരുകയാണ്.പോർച്ചുഗലിനെതിരെ ബെൽജിയം 2-1 ന് നാടകീയ വിജയം നേടിയതോടെയാണ് ഇറ്റലിയുടെ യോഗ്യത ഉറപ്പായത്.

കളി തുടങ്ങുന്നതിന് മുമ്പ് തന്നെ പുറത്തായിരുന്നെങ്കിലും, ബെൽജിയം ടെസ്സ വുല്ലേർട്ടിലൂടെ നേരത്തെ ലീഡ് നേടി. ടെൽമ എൻകാർനേഷ്യോ പോർച്ചുഗലിന് സമനില നേടിക്കൊടുത്തെങ്കിലും, ജാനീസ് കെയ്മൻ 96-ാം മിനിറ്റിൽ നേടിയ ഗോളിലൂടെ ബെൽജിയം വിജയം ഉറപ്പിച്ചു.

ഇന്ത്യയ്ക്ക് തിരിച്ചടി, തുടക്കത്തിൽ തന്നെ മൂന്ന് വിക്കറ്റുകൾ വീണു

ലണ്ടൻ: ഇംഗ്ലണ്ടിനെതിരായ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ ഒന്നാം ഇന്നിങ്സിൽ ഇന്ത്യയ്ക്ക് തിരിച്ചടി. തുടക്കത്തിൽ തന്നെ മൂന്ന് വിക്കറ്റുകൾ നഷ്ടമായെങ്കിലും കെ എൽ രാഹുലും ഋഷഭ് പന്തും ക്രീസിൽ നിൽക്കുന്നതാണ് ഇന്ത്യയ്ക്ക് പ്രതീക്ഷ നൽകുന്നത്.

ടെസ്റ്റിന്റെ രണ്ടാം ദിനം കളി നിർത്തുമ്പോൾ ഒന്നാം ഇന്നിങ്സിൽ 43 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 145 റൺസ് എന്ന നിലയിലാണ് ഇന്ത്യ. യശസ്വി ജയ്സ്വാൾ (13), കരുൺ നായർ (40), നായകൻ ശുഭ്മൻ ഗിൽ (16) എന്നിവരുടെ വിക്കറ്റുകളാണ് ഇന്ത്യയ്ക്ക് നഷ്ടമായത്. ഓപ്പണർ കെ എൽ രാഹുലും (53) ഋഷഭ് പന്തുമാണ് (19) ക്രീസിൽ. കൈവിരലിനേറ്റ പരുക്കിനെത്തുടർന്ന് വിക്കറ്റ് കീപ്പിങ്ങിൽനിന്നു വിട്ടുനിന്നെങ്കിലും ഋഷഭ് പന്ത് ബാറ്റിങ്ങിന് എത്തിയത് ഇന്ത്യയ്ക്ക് ആശ്വാസമായി. ഇംഗ്ലണ്ടിനു വേണ്ടി ക്രിസ് വോക്സ്, ജോഫ്ര ആർച്ചർ, ബെൻ സ്റ്റോക്സ് എന്നിവർ ഓരോ വിക്കറ്റ് നേടി.

ടീമിൽ തിരിച്ചെത്തിയ ജോഫ്ര ആർച്ചർ ജയസ്വാളിനെ പുറത്താക്കി ഇംഗ്ലണ്ടിനു മികച്ച തുടക്കം നൽകി. ഇടവേളയ്ക്ക് ശേഷമുള്ള ടെസ്റ്റ് ടീമിലേക്കുള്ള മടങ്ങി വരവ് ആദ്യ വിക്കറ്റ് വീഴ്ത്തി തന്നെ താരം ആഘോഷിച്ചു. ഇതിനു ശേഷമാണ് കരുണും രാഹലും ചേർന്ന് പ്രതിരോധം തീർത്തത്. ഇരുവരും 61 റൺസ് ചേർത്താണ് പിരിഞ്ഞത്. കരുണിനെ ഇംഗ്ലണ്ട് ക്യാപ്റ്റൻ ബെൻ സ്റ്റോക്സാണ് മടക്കിയത്.

നേരത്തെ 5 വിക്കറ്റുകൾ വീഴ്ത്തിയ സൂപ്പർ പേസർ ജസ്പ്രിത് ബുംറയുടെ തീ പാറും ബൗളിങാണ് ഇംഗ്ലീഷ് സ്കോർ 400 കടത്താത്തെ പിടിച്ചു നിർത്തിയത്. ജോ റൂട്ടിന്റെ സെഞ്ചറിയും ജാമി സ്മിത്ത്, ബ്രയ്ഡൻ കർസ് എന്നിവരുടെ അർധ സെഞ്ചറികളുടേയും ബലത്തിലാണ് ഇംഗ്ലണ്ട് ഭേദപ്പെട്ട സ്കോറുയർത്തിയത്.ജോ റൂട്ട് 104 റൺസെടുത്തു. ജാമി സ്മിത്ത് 51 റൺസും വാലറ്റത്ത് പൊരുതി നിന്ന കർസ് 56 റൺസും കണ്ടെത്തി. ഇന്ത്യക്കായി ബുംറ അഞ്ച് വിക്കറ്റെടുത്തപ്പോൾ മുഹമ്മദ് സിറാജ്, നിതീഷ് കുമാർ റെഡ്ഡി എന്നിവർ 2 വീതം വിക്കറ്റും രവീന്ദ്ര ജഡേജ ഒരു വിക്കറ്റും നേടി. രണ്ടാം ദിനം തുടക്കത്തിൽ തന്നെ ഇംഗ്ലണ്ടിനു വൻ തിരിച്ചടിയേറ്റിരുന്നു. 11 റൺസ് ചേർക്കുന്നതിനിടെ 3 വിക്കറ്റുകളാണ് നഷ്ടമായത്. 4ന് 251 റൺസെന്ന നിലയിൽ രണ്ടാം ദിനം തുടങ്ങിയ അവർ 7ന് 271ലേക്ക് പതിച്ചു.

എന്നാൽ എട്ടാം വിക്കറ്റിൽ ജാമി സ്മിത്തിനൊപ്പം ചേർന്ന ബ്രയ്ഡൻ കർസ് ഇന്ത്യയുടെ കണക്കുകൂട്ടൽ തെറ്റിച്ചു. ഇരുവരും ചേർന്നു 82 റൺസ് ബോർഡിൽ ചേർത്താണ് പിരിഞ്ഞത്.രണ്ടാം ദിനം ബാറ്റിങ് പുനരാരംഭിച്ചതിനു പിന്നാലെ ഇംഗ്ലണ്ടിനു ജസ്പ്രിത് ബുംറ വക കനത്ത പ്രഹരമാണ് ഏറ്റത്. ഇംഗ്ലണ്ട് ക്യാപ്റ്റൻ ബെൻ സ്റ്റോക്സിനെ രണ്ടാം ദിനം തുടക്കം തന്നെ മടക്കിയ ബുംറ തന്റെ അടുത്ത ഓവറിൽ സെഞ്ചറി നേടിയ ജോ റൂട്ടിനേയും ക്ലീൻ ബൗൾഡാക്കി. പിന്നാലെ എത്തിയ ക്രിസ് വോക്സിനേയും ബുംറ പുറത്താക്കി.ഇന്നലെ 99 റൺസിൽ ബാറ്റിങ് അവസാനിപ്പിച്ച റൂട്ട് സെഞ്ചറി നേടി. രണ്ടാം ദിനം ആദ്യ ഓവർ എറിഞ്ഞ ബുംറയുടെ ആദ്യ പന്ത് തന്നെ ബൗണ്ടറി കടത്തിയാണ് റൂട്ട് 103ൽ എത്തി ശതകം തൊട്ടത്. 192 പന്തിൽ 10 ഫോറുകൾ സഹിതമാണ് സെഞ്ചറി നേട്ടം. റൂട്ടിന്റെ സെഞ്ചറിക്കു പിന്നാലെ ബെൻ സ്റ്റോക്സിനെ ബുംറ ബൗൾഡാക്കുകയായിരുന്നു. ഇന്നലത്തെ സ്കോറിനോട് 5 റൺസ് ചേർത്താണ് സ്റ്റോക്സിന്റെ മടക്കം. താരം 44 റൺസിൽ പുറത്തായി. പിന്നാലെയാണ് റൂട്ടിന്റേയും മടക്കം. റൂട്ടിന്റെ 37-ാം ടെസ്റ്റ് സെഞ്ചറിയാണിത്. ടോസ് നേടി ഇംഗ്ലണ്ട് ബാറ്റിങ് തിരഞ്ഞെടുക്കുകയായിരുന്നു.

വിദേശ കളിക്കാർക്ക് വേണമെങ്കിൽ ക്ലബ് വിടാമെന്ന് കേരള ബ്ലാസ്റ്റേഴ്സ്

ഇന്ത്യൻ സൂപ്പർ ലീഗ് (ഐഎസ്എൽ) 2025-26 സീസണിന്റെ ഭാവി അനിശ്ചിതത്വത്തിലായതിനാൽ, വിദേശ കളിക്കാർക്ക് മറ്റ് അവസരങ്ങൾ തേടാൻ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി എന്ന് ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്യുന്നു.

ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷനും (എഐഎഫ്എഫ്) ഫുട്ബോൾ സ്പോർട്സ് ഡെവലപ്മെന്റ് ലിമിറ്റഡും (എഫ്എസ്ഡിഎൽ) തമ്മിലുള്ള പ്രശ്നങ്ങൾ കാരണം ലീഗ് നിലവിൽ നിർത്തിവെച്ചിരിക്കുന്ന സാഹചര്യത്തിലാണ്, വിദേശ കളിക്കാരെ പ്രതിസന്ധിയിലാക്കാതിരിക്കാൻ ആണ് ക്ലബ്ബ് ഈ പ്രായോഗികമായ തീരുമാനമെടുത്തത്.

സ്പാനിഷ് സ്ട്രൈക്കർ ജീസസ് ജിമെനെസ് ഇതിനകം തന്നെ കേരള ബ്ലാസ്റ്റേഴ്സ് വിട്ടു കഴിഞ്ഞു. പോളിഷ് ടോപ്-ഡിവിഷൻ ക്ലബ്ബായ ബ്രൂക്ക്-ബെറ്റ് ടെർമാലിക്ക നീസെസയിലേക്ക് അദ്ദേഹം ഇപ്പോൾ കൂടുമാറിയിട്ടുണ്ട്.

ബ്ലാസ്റ്റേഴ്സിന്റെ താരങ്ങളായ ലൂണ, നോഹ, ലഗാറ്റോർ തുടങ്ങിയവർ എന്ത് തീരുമാനം എടുക്കും എന്ന് വ്യക്തമല്ല. ലീഗിന്റെ കാര്യത്തിൽ പെട്ടെന്ന് തീരുമാനം ആയില്ല എങ്കിൽ ഇവരും വിദേശ ക്ലബുകളിലേക്ക് പോകേണ്ടി വരും.

തരൂരിന് യുഡിഎഫിലും പിന്തുണ നഷ്ടമാകുന്നു; കൈവിട്ട് മുസ്ലിം ലീഗും ആർഎസ്പിയും

തിരുവനന്തപുരം: സമീപകാല പ്രസ്താവനകളും പ്രവർത്തനങ്ങളും മൂലം ശശി തരൂർ എംപിക്ക് യുഡിഎഫ് ഘടകകക്ഷികളുടെ പിന്തുണ കൂടി നഷ്ടമാകുന്നു. പല പ്രതിസന്ധി ഘട്ടങ്ങളിലും പിന്തുണച്ചിരുന്ന മുസ്ലിം ലീഗും ആർഎസ്പിയും ശശി തരൂരിനെതിരെ പരസ്യമായി രംഗത്തെത്തി. യുഡിഎഫിന്റെ രാഷ്ട്രീയ നിലപാടുകളെ എതിർത്തുകൊണ്ടുള്ള തരൂരിന്റെ പ്രവർത്തനങ്ങളാണ് യുഡിഎഫ് ഘടകകക്ഷികളുടെ അപ്രീതിക്ക് ഇടയാക്കിയത്.

ഇന്ത്യയിലെ ഇസ്രയേൽ അംബാസഡർ സംഘടിപ്പിച്ച ഉച്ചഭക്ഷണ വിരുന്നിൽ തരൂർ പങ്കെടുത്തതാണ് അതിലൊന്ന്. ഇതേക്കുറിച്ച് പരാമർശിച്ചപ്പോൾ, കോൺഗ്രസ് പാർട്ടിക്ക് ശശി തരൂരിന്റെ മേൽ യാതൊരു നിയന്ത്രണവുമില്ലെന്ന് മുസ്ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പിഎംഎ സലാം പറഞ്ഞു. കോൺഗ്രസ് നേതൃത്വത്തിന്റെ അറിവില്ലാതെയാണ് തരൂർ കാര്യങ്ങൾ ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'ശശി തരൂരിന്റെ ചില പ്രവൃത്തികളിൽ മുസ്ലീം ലീഗിന് കടുത്ത വിയോജിപ്പുണ്ട്. കുറച്ചുകാലമായി തരൂർ ഇതു തുടരുന്നു. ഇത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് തീരുമാനിക്കേണ്ടത് കോൺഗ്രസാണ്.' പിഎംഎ സലാം ദി ന്യൂ ഇന്ത്യൻ എക്സ്പ്രസിനോട് പറഞ്ഞു. കേരള രാഷ്ട്രീയത്തിൽ തരൂർ സജീവമാകുന്നത് തടയാൻ സംസ്ഥാനത്തെ ഏതാനും കോൺഗ്രസ് നേതാക്കൾ ശ്രമിച്ചപ്പോൾ, ലീഗ് അദ്ദേഹത്തിന് മികച്ച പിന്തുണയാണ് നൽകിയിരുന്നത്.

2023-ൽ, ലീഗ് നേതൃത്വം തരൂരിനെ പലസ്തീൻ അനുകൂല റാലിയിലേക്ക് ക്ഷണിച്ചു. അതിൽ വെച്ച് ഹമാസിനെ ഒരു തീവ്രവാദ സംഘടനയായി തരൂർ പരാമർശിച്ചത് ലീഗിനെ അസ്വസ്ഥമാക്കിയിരുന്നു. ജൂൺ 27-നാണ് ഇന്ത്യൻ പാർലമെന്റ് അംഗങ്ങൾക്കായി ഇസ്രയേൽ പ്രതിനിധി വിരുന്ന് ഒരുക്കിയത്. ഇറാനുമായുള്ള യുദ്ധത്തിലും ഗാസയ്ക്കെതിരായ ആക്രമണത്തിലും ഇസ്രയേലിന് ഇന്ത്യൻ രാഷ്ട്രീയനേതൃത്വത്തിന്റെ പിന്തുണ അഭ്യർത്ഥിക്കുന്നതിനാണ് വിരുന്ന് സംഘടിപ്പിച്ചത്.

വിരുന്നിലേക്ക് ക്ഷണിച്ചവരിൽ ശശി തരൂരിനെ കൂടാതെ ബിജെപി നേതാക്കളായ രവിശങ്കർ പ്രസാദ്, ബൈജയന്ത് പാണ്ഡ, കോൺഗ്രസിലെ പ്രണിതി ഷിൻഡെ, ദീപേന്ദർ സിങ് ഹൂഡ എന്നിവരും ഉൾപ്പെട്ടിരുന്നു. എന്നാൽ കോൺഗ്രസ് നേതാക്കളായ പ്രണിതി ഷിൻഡെയും ദീപേന്ദർ സിങ് ഹൂഡയും വിരുന്നിൽ നിന്നും വിട്ടുനിന്നപ്പോൾ, ശശി തരൂർ പങ്കെടുത്തതാണ് ലീഗിനെ ചൊടിപ്പിച്ചത്.

ഒരു ദിവസം എത്ര മുട്ടകൾ കഴിക്കാം? അത്ഭുതകരമായ ഉത്തരം ഇതാ

മുട്ട, നമ്മുടെ ഭക്ഷണത്തിന്റെ ഒരു പ്രധാന ഭാഗമാണ്. പോഷകസമൃദ്ധവും വിലകുറഞ്ഞതും എളുപ്പത്തിൽ ലഭ്യവുമായ ഈ ഭക്ഷണം നൂറ്റാണ്ടുകളായി ലോകമെമ്പാടുമുള്ള മനുഷ്യരുടെ ഭക്ഷണക്രമത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ്. എന്നാൽ, 'ദിവസവും എത്ര മുട്ടകൾ കഴിക്കുന്നത് ആരോഗ്യകരമാണ്?' എന്ന ചോദ്യം പലപ്പോഴും ആശയക്കുഴപ്പം സൃഷ്ടിക്കാറുണ്ട്. പുതിയ ഗവേഷണങ്ങൾ ഈ വിഷയത്തിൽ വെളിച്ചം വീശുന്നു, ചില അത്ഭുതകരമായ ഉത്തരങ്ങളുമായി. മുട്ടയുടെ പോഷകഗുണങ്ങൾ മുട്ട പോഷകങ്ങളുടെ കലവറയാണ്. മുട്ടയിൽ പ്രോട്ടീൻ, വിറ്റാമിനുകൾ, ധാതുക്കൾ എന്നിവ ധാരാളം അടങ്ങിയിട്ടുണ്ട്. ഒരു വലിയ മുട്ടയിൽ ഏകദേശം 6 ഗ്രാം ഉയർന്ന ഗുണനിലവാരമുള്ള പ്രോട്ടീനും, വിറ്റാമിൻ ആ12, ഉ, റൈബോഫ്ലേവിൻ, സെലിനിയം, കോളിൻ എന്നിവയും ഉണ്ട്. കോളിൻ, തലച്ചോറിന്റെ പ്രവർത്തനത്തിനും ഓർമ്മശക്തിക്കും വളരെ പ്രധാനമാണ്. പക്ഷേ, മുട്ടയുടെ മഞ്ഞക്കരുവിൽ കൊളസ്ട്രോൾ അടങ്ങിയിട്ടുണ്ട്, ഇത് പലരെയും ആശങ്കപ്പെടുത്തുന്ന ഒരു കാര്യമാണ്. കൊളസ്ട്രോളിനെക്കുറിച്ചുള്ള ആശങ്കകൾ നാൽപ്പത്-അമ്പത് വർഷങ്ങൾക്ക് മുമ്പ്, മുട്ടകൾ കൊളസ്ട്രോൾ വർധിപ്പിക്കുമെന്നും ഇത് ഹൃദ്രോഗത്തിന് കാരണമാകുമെന്നും വിശ്വസിക്കപ്പെട്ടിരുന്നു. എന്നാൽ, ഏറ്റവും പുതിയ ഗവേഷണങ്ങൾ ഈ ധാരണയെ ചോദ്യം ചെയ്യുന്നു.

പല പഠനങ്ങളും കാണിക്കുന്നത്, മുട്ടയിലെ കൊളസ്ട്രോൾ രക്തത്തിലെ കൊളസ്ട്രോൾ ലെവലിനെ വലിയ തോതിൽ ബാധിക്കുന്നില്ല എന്നാണ്. പകരം, പഞ്ചസാര, ട്രാൻസ് ഫാറ്റ്, പ്രോസസ്ഡ് ഭക്ഷണങ്ങൾ എന്നിവയാണ് ഹൃദയാരോഗ്യത്തിന് വലിയ ഭീഷണി. എത്ര മുട്ടകൾ കഴിക്കാം? പുതിയ ഗവേഷണങ്ങൾ പറയുന്നത്, ഒരു ശരാശരി ആരോഗ്യമുള്ള വ്യക്തിക്ക് ദിവസവും ഒന്നോ രണ്ടോ മുട്ടകൾ കഴിക്കുന്നത് സുരക്ഷിതവും ആരോഗ്യകരവുമാണ്. ചില പഠനങ്ങൾ പോലും, ആഴ്ചയിൽ 7-12 മുട്ടകൾ വരെ കഴിക്കുന്നത് ഹൃദയാരോഗ്യത്തിന് ദോഷം ചെയ്യുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പ്രമേഹമോ ഹൃദയസംബന്ധമായ പ്രശ്നങ്ങളോ ഉള്ളവർ മുട്ടയുടെ അളവ് നിയന്ത്രിക്കാൻ ഡോക്ടറുടെ ഉപദേശം തേടണം. ആരാണ് മുട്ട ഒഴിവാക്കേണ്ടത്? മുട്ടയോട് അലർജിയുള്ളവർ, അല്ലെങ്കിൽ പ്രത്യേക ഭക്ഷണക്രമം പിന്തുടരേണ്ടവർ (ഉദാഹരണത്തിന്, വിശദമായ ഡയറ്റ് പ്ലാൻ ഉള്ളവർ) മുട്ട ഒഴിവാക്കേണ്ടി വരാം. കൂടാതെ, മുട്ട പാകം ചെയ്യുന്ന രീതിയും പ്രധാനമാണ്. എണ്ണയിൽ വറുത്ത മുട്ടയേക്കാൾ, വേവിച്ച മുട്ടയോ പുഴുങ്ങിയ മുട്ടയോ ആണ് ആരോഗ്യകരം.മുട്ടയുടെ മറ്റ് ഗുണങ്ങൾ പേശികളുടെ വളർച്ച: ഉയർന്ന പ്രോട്ടീൻ ഉള്ളതിനാൽ, മുട്ട പേശികളുടെ വളർച്ചയ്ക്കും അറ്റകുറ്റപ്പണികൾക്കും സഹായിക്കുന്നു.

കണ്ണിന്റെ ആരോഗ്യം: മുട്ടയിലെ ലൂട്ടിൻ, സിയാക്സന്തിൻ എന്നിവ കണ്ണിന്റെ ആരോഗ്യത്തിന് ഗുണം ചെയ്യുന്നു. വിശപ്പ് നിയന്ത്രണം: മുട്ട കഴിക്കുന്നത് വിശപ്പിനെ നിയന്ത്രിക്കാനും ഭാരം കുറയ്ക്കാനും സഹായിക്കും. മുട്ട ഒരു പോഷകസമൃദ്ധമായ ഭക്ഷണമാണ്, അത് മിതമായ അളവിൽ കഴിക്കുന്നത് മിക്കവർക്കും ആരോഗ്യകരമാണ്. ദിവസവും ഒന്നോ രണ്ടോ മുട്ടകൾ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തുന്നത് ഒരു മികച്ച രീതിയാണ്. എന്നാൽ നിങ്ങളുടെ ആരോഗ്യനിലയനുസരിച്ച്, ഒരു ഡോക്ടറുടെയോ പോഷകാഹാര വിദഗ്ധന്റെയോ ഉപദേശം തേടുന്നത് എപ്പോഴും നല്ലതാണ്.

കണ്ണൂർ നഗരത്തിൽ 'പൊല്ലാപ്പായി' പൊലീസിന്റെ ഗതാഗത പരിഷ്കരണം; വൻ ഗതാഗതക്കുരുക്ക്

കണ്ണൂർ; കണ്ണൂർ നഗരത്തിൽ ദേശീയപാത തെക്കിബസാറിൽ 'പൊല്ലാപ്പായി' പൊലീസിന്റെ ഗതാഗത പരിഷ്കരണം. വലിയ പ്രയാസമില്ലാതെ ഗതാഗതം നടന്നയിടത്ത് പൊലീസ് നടപ്പാക്കിയ പരിഷ്കരണമാണു ദുരിതമാകുന്നത്.

പുതിയ പരിഷ്കരണം ദേശീയപാത താണ വരെയും പള്ളിക്കുന്ന് വരെയും വാഹന കുരുക്കുണ്ടാക്കുകയാണ്. കാൽടെക്സ് സിഗ്നൽ സർക്കിളിലാണെങ്കിൽ കുരുക്കോട് കുരുക്ക്. എങ്ങും തിരിയാനാകാതെ വാഹനങ്ങൾ സർക്കിളിൽ അകപ്പെടുകയാണ്. ഒരു പൊലീസ് ഉദ്യോഗസ്ഥൻ ഗതാഗതം നിയന്ത്രിച്ചിരുന്ന ഇവിടം ഇന്നലെ രാവിലെ മുതൽ 4 പൊലീസുകാരെ നിയോഗിച്ചിട്ടും വാഹന കുരുക്ക് അഴിക്കാനായില്ല!

യാത്രക്കാരുടെയും ഡ്രൈവർമാരുടെയും പ്രതിഷേധം ഉയർന്നെങ്കിലും പരിഷ്കരണത്തിൽ ഉറച്ച് നിൽക്കുകയാണ് പൊലീസ്. ഗതാഗത പരിഷ്കരണത്തിലെ പൊലീസിന്റെ അനാവശ്യ ഇടപെടൽ കടുത്ത രോഷത്തിനിടയാക്കി. തെക്കി ബസാർ കക്കാട് റോഡ് ജംക്ഷനിലാണ് പൊലീസിന്റെ ഗതാഗത 'പരീക്ഷണം'. ചെറിയ തോതിൽ വാഹന കുരുക്ക് മാത്രമേ ജംക്ഷനിൽ ഉണ്ടാകാറുണ്ടായിരുന്നുള്ളൂ. ഇവിടത്തെ വാഹനത്തിരക്ക്, ഗതാഗത നിയന്ത്രണത്തിനുള്ള പൊലീസ് ഉദ്യോഗസ്ഥൻ കൃത്യമായി പരിഹരിക്കാറുമുണ്ട്. യാത്രക്കാരോ ഡ്രൈവർമാരോ നാട്ടുകാരോ ഇവിടെ ഗതാഗത പരിഷ്കരണം നടപ്പാക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുമില്ല. ഇതിനിടെയാണ് ഗതാഗത പരിഷ്കരണവുമായി പൊലീസെത്തിയത്.

കക്കാട് റോഡിൽ നിന്നു വരുന്ന വാഹനങ്ങളെ തെക്കി ബസാർ ജംക്ഷനിൽ നിന്ന് തളാപ്പ് ഭാഗത്തേക്ക് പോകാൻ അനുവദിക്കാതെ, പകരം കാൽടെക്സ് സിഗ്നൽ സർക്കിൾ ചുറ്റിക്കുകയാണ് പൊലീസ്. സ്ഥലപരിമിതി കാരണം സിഗ്നൽ സർക്കിളിൽ തിരിയാൻ പോലും കഴിയാത്ത സാഹചര്യത്തിൽ അനാവശ്യമായി വാഹനങ്ങളെ സർക്കിളിൽ എത്തിക്കുന്നതോടെ ഗതാഗതം സ്തംഭിക്കുന്നു. ട്രാഫിക് സർക്കിളിൽ സിഗ്നൽ കിട്ടാൻ വാഹനങ്ങൾക്ക് ഏറെനേരം ദേശീയപാതയിൽ കാത്തുനിൽക്കേണ്ടി വരികയാണ്.

ഇതോടെ വാഹനക്കുരുക്ക് പള്ളിക്കുന്ന് ഭാഗത്തേക്കും നീങ്ങും. സർക്കിൾ ചുറ്റി പകുതിയാകുമ്പോഴേക്കും സിഗ്നൽ അവസാനിക്കും. ഇതോടെ വാഹനങ്ങൾ സർക്കിളിനുള്ളിൽ കുടുങ്ങും. ഇതോടെ താണ ഭാഗത്തേക്കും നീളുന്നു വാഹന കുരുക്ക്. മഴയും കൂടിയാകുന്നതോടെ ബസുകൾ ഉൾപ്പെടെ വാഹനക്കുരുക്ക് അതിരൂക്ഷമാണ്.

കാൽടെക്സ് ഭാഗത്തു നിന്നുള്ള വാഹനങ്ങൾ തെക്കി ബസാർ ജംക്ഷനിൽ നിന്നും കക്കാട് റോഡിലേക്ക് കയറുന്നത് ഒഴിവാക്കി, ഏതാനും ദൂരം മുന്നോട്ടു പോയി വലതു വശത്തെ റോഡിലൂടെ കക്കാട് റോഡിലേക്ക് പ്രവേശിക്കും വിധത്തിലാണ് മറ്റൊരു പരിഷ്കാരം.വീതി കുറഞ്ഞ ഇവിടെ നിന്ന് വലിയ വാഹനങ്ങൾ തിരിക്കേണ്ടി വരുന്നത് വീണ്ടും ദേശീയപാതയിൽ കുരുക്കിന് കാരണമാകുകയാണ്.

മാത്രമല്ല, വലിയ വാഹനങ്ങൾക്ക് കക്കാട് ഭാഗത്തേക്ക് പ്രവേശിക്കണമെങ്കിൽ, ഈ ഭാഗത്തെ റോഡിന്റെ വീതിക്കുറവും പ്രതിസന്ധിയാണ്.

ചെറിയ വാഹനങ്ങൾക്ക് ഈ ചെറിയ റോഡിലൂടെ കടക്കാമെങ്കിലും ബസുകൾ ഉൾപ്പെടെ വലിയ വാഹനങ്ങൾക്ക് പെട്ടെന്ന് പോകാൻ കഴിയാത്ത സ്ഥിതിയാണ്. കക്കാട് ഭാഗത്ത് നിന്ന് തളാപ്പ് ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങളെ കാൽടെക്സ് സിഗ്നൽ സർക്കിൾ ചുറ്റിക്കാതെ തെക്കി ബസാർ ജംക്ഷൻ വഴി തന്നെ കടത്തിവിടണമെന്നാണു ആവശ്യം.

സ്വർണവില പറക്കുന്നു; പിന്നാലെ വെള്ളിയും

കൊച്ചി: കേരളത്തിൽ സ്വർണവില കുതിക്കുന്നു. ഇന്ന് എല്ലാ ലോഹങ്ങൾക്കും വലിയ മാറ്റമാണ് സംഭവിച്ചിരിക്കുന്നത്. വെള്ളിയുടെ വിലയിൽ സർവകാല റെക്കോർഡ് രേഖപ്പെടുത്തി. പുതിയ സ്വർണം വാങ്ങുന്നവർ പിന്നാക്കം നിൽക്കാൻ സാധ്യതയുണ്ട്.

അതേസമയം, പഴയ സ്വർണം വിൽക്കാൻ ആഗ്രഹിക്കുന്നവർക്ക് നല്ല ദിനമാണ്. സ്വർണവില ഇനിയും കുതിക്കുമെന്നാണ് റിപ്പോർട്ടുകൾ. അഹലീ ഞലമറ ഇത് ആഫ്രിക്കയുടെ സൗദി അറേബ്യ: കണ്ടെത്തിയത് വൻ ക്രൂഡ് ഓയിൽ ശേഖരം: ഇന്ത്യക്കും കണ്ണ്, നേരത്തേയെത്തി സ്വർണം വാങ്ങാൻ ആഗ്രഹിക്കുന്നവർ 24 കാരറ്റ് ബാറുകളും ഗോൾഡ് ഇടിഎഫും കേന്ദ്രീകരിക്കുന്നതാണ് നല്ലത്. ആഭരണം വാങ്ങുന്നവർക്ക് വലിയ ചെലവ് വരും. ക്രൂഡ് ഓയിൽ വിലയും നേരിയ തോതിൽ ഇന്ന് മുന്നേറിയിട്ടുണ്ട്. ഡോളർ മൂല്യം നാമമാത്രമായ മുന്നേറ്റം നടത്തി. ഇന്ത്യൻ രൂപ അൽപ്പം താഴ്ന്നു.

അറിയാം കേരളത്തിലെ പുതിയ പവൻ, ഗ്രാം നിരക്കുകൾ... ഇന്ന് ഒരു പവൻ സ്വർണത്തിന് കേരളത്തിലെ വില 73120 രൂപയാണ്. 520 രൂപയാണ് കൂടിയത്.

ഗ്രാമിന് 65 രൂപ വർധിച്ച് 9140 രൂപയായി. ഇന്നലെ ഗ്രാമിന് 55 രൂപ കൂടിയിരുന്നു. ഓരോ ദിവസവും വില കുതിക്കുകയാണ്. അതുകൊണ്ടു തന്നെ സ്വർണം വാങ്ങുന്നവർ രണ്ടുതവണ ആലോചിക്കും. ഇന്ന് വെള്ളിയുടെ വിലയിൽ വലിയ കുതിപ്പാണ് രേഖപ്പെടുത്തിയത്. ഗ്രാമിന് 4 രൂപ കൂടി 122 രൂപയായി. റെക്കോർഡ് വിലയാണിത്.

18 കാരറ്റ് സ്വർണം ഗ്രാമിന് 55 രൂപ വർധിച്ച് 7490 രൂപയായി. 59920 രൂപയാണ് ഈ കാരറ്റിലെ സ്വർണം ഒരു പവന് വേണ്ടി വരിക. അതേസമയം, ഏത് സ്വർണാഭരണങ്ങൾക്കും ഈ സംഖ്യയേക്കാൾ ചെലവ് വരും. പണിക്കൂലിയാണ് പ്രധാനമായും അധികം നൽകേണ്ടത്. കൂടാതെ മൂന്ന് ശതമാനം ജിഎസ്ടിയും നൽകണം. ഏകദേശം 6000 രൂപ കൂടി നൽകിയാൽ മാത്രമേ ഒരു പവൻ ആഭരണം കിട്ടൂ. കേരളത്തിൽ സ്വർണവില നിശ്ചയിക്കുന്നത് ഇങ്ങനെ ആഗോള വിപണിയിൽ സ്വർണം ഔൺസിന് 3356 ഡോളറായി ഉയർന്നു.

ഇതിന്റെ പ്രതിഫലനമാണ് കേരളത്തിലും കാണുന്നത്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തുടങ്ങിവച്ച ചുങ്കപ്പോര് വലിയ ചലനങ്ങളാണ് വിപണിയിലുണ്ടാക്കുന്നത്. ഇന്ത്യയ്ക്ക് എത്ര ചുങ്കം ചുമത്തുമെന്നാണ് ഇനി അറിയേണ്ടത്. സൗഹൃദ രാജ്യങ്ങൾക്കെതിരെ പോലും അമേരിക്ക ഇറക്കുമതി ചുങ്കം വർധിപ്പിച്ചിരിക്കുകയാണ്. കേരളത്തിൽ ഈ മാസം രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന വിലയാണ് ഇന്ന്. ഒരു പവൻ ആഭരണം വാങ്ങുമ്പോൾ 80000 രൂപയോളം ചെലവ് വരും.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@g